# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 11, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--344]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : 693 മുതൽ 827 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 828 മുതൽ 918 വരെ |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : 919 മുതൽ 961 വരെ |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 962 മുതൽ 1036 വരെ |

### ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

693. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പാരിപ്പള്ളിയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജിനായി നിർമ്മിച്ച കെട്ടിടവും അനുബന്ധ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള തീരുമാനത്തിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഭൂമിയും കെട്ടിടവും ഏറ്റെടുത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ;

(സി) ഇ.എസ്.ഐ കോർപ്പറേഷനിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ലഭ്യമാകുമായിരുന്ന ചികിത്സാ സൗജന്യവും അവരുടെ കുട്ടികളുടെ മെഡിക്കൽ വിദ്യാഭ്യാസ സംവരണവും നഷ്ടപ്പെടാതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) പാരിപ്പള്ളിയിലെ ഇ.എസ്.ഐ സ്ഥാപനം ഏറ്റെടുക്കുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത സർക്കാർ കണക്കാക്കിയതിൻറെ വിശദാംശം അറിയിക്കുമോ?

## ജ്യൂസ് പാർലറുകളിൽ രാസപരിശോധന

694. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബദാംഷേക്ക്, പിസ്ത, ഷാർജ തുടങ്ങിയ അനവധി നാമങ്ങളിൽ മാരക രോഗങ്ങൾക്ക് കാരണമാവുന്ന രാസപദാർത്ഥ ഫ്ലേവറുകൾ ചേർത്ത് പായ്ക്കറ്റിലാക്കി ജ്യൂസ് പാർലറുകൾ ജ്യൂസായും ചെറുകച്ചവട സ്ഥാപനങ്ങളിലൂടെയും വിറ്റഴിക്കുന്നത് കണ്ടെത്തി രാസപരിശോധന നടത്തി നടപടി സ്വീകരിക്കാൻ എല്ലാ പരിശോധനാ ഉദ്യോഗസ്ഥർക്കും അടിയന്തര നിർദ്ദേശം നൽകുമോ?

## ആന്റി റാബിസ് വാക്സിന്റെ ക്ഷാമം

695. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ആന്റി റാബിസ് വാക്സിൻ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) സമയബന്ധിതമായി വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

## രാത്രി സമയ പോസ്റ്റ്മോർട്ടം

T 696. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനു സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവ് ഇതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 24 മണിക്കൂർ പോസ്റ്റ്മോർട്ടം പ്രാവർത്തികമാക്കുന്നതിനു ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) 24 മണിക്കൂർ പോസ്റ്റ്മോർട്ടം ഏറ്റവും വേഗത്തിൽ പ്രവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നു നിയമസഭയിൽ ഉറപ്പു നൽകിയിട്ടുണ്ടോ; എങ്കിൽ ആ ഉറപ്പ് എപ്പോൾ പാലിക്കാൻ കഴിയും; വ്യക്തമാക്കുമോ?

<u>പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ</u>

697. ശ്രീ.പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഷാഫി പറമ്പിൽ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; എന്തെല്ലാം ചികിത്സാസൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലി ക്ലിനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പക്ഷാഘാത രോഗികൾക്ക് സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

<u>ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവ്</u>

698. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്നും നിലവിൽ ഈ ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ദീർഘനാളുകളായി ഡോക്ടർമാരെ നിയമിക്കാത്തതുമൂലം ആശുപത്രിയുടെ പ്രവർത്തനം അവതാളത്തിലായിട്ടും ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാത്ത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും അവസാനമായി പോസ്റ്റ്മോർട്ടം നടത്തിയ തീയതിയെന്നെന്നും വിശദമാക്കുമോ;

(ഡി) ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാൻ നടപടി

699. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ എത്ര ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകളുള്ളത്; ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഡയാലിസിസിന് ഓരോ രോഗിയിൽ നിന്നും ഈടാക്കുന്ന തുക എ.പി.എൽ., ബി.പി.എൽ. വിഭാഗക്കാർക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

### വാതിലുകളും ജനലുകളും തുറന്നിട്ട് ശസ്ത്രക്രിയ

700. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എയർകണ്ടീഷണർ പ്രവർത്തിക്കുന്നില്ല എന്ന കാരണം പറഞ്ഞ് വാതിലുകളും ജനലുകളും തുറന്നിട്ട് ഓപ്പറേഷൻ തീയേറ്ററുകളിൽ ശസ്ത്രക്രിയ നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മനുഷ്യാവകാശ ലംഘനം നടത്തിയവർക്കെതിരെ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

### സർക്കാർ ആശുപത്രികളിലെ താത്കാലിക ജീവനക്കാരുടെ പ്രസവാവധി

701. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സ് അടക്കമുള്ള താത്കാലിക ജീവനക്കാർക്ക് ശമ്പളത്തോട് കൂടിയുള്ള പ്രസവ അവധി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ഇറങ്ങിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എത്ര ദിവസത്തെ അവധിയാണ് ശമ്പളത്തോട് കൂടി അനുവദിച്ച് നൽകിയിട്ടുള്ളത്;വിശദാംശങ്ങൾ നൽകാമോ?

## ഡോക്ടർമാരുടെ റിട്ടയർമെന്റ് പ്രായം

702. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ 2015 മാർച്ചിൽ റിട്ടയർ ചെയ്യുന്ന എത്ര ഡോക്ടർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവരിൽ 57 വയസ്സ് പൂർത്തിയാവുന്നവർ എത്ര ; 56 വയസ്സ് പൂർത്തിയാവുന്നവർ എത്ര; 56 നും 57 നും ഇടയിൽ പ്രായമുള്ളവർ എത്ര ;

(സി) 57 വയസ്സ് പൂർത്തിയാക്കി കുറേപ്പേർ റിട്ടയർ ചെയ്യുമ്പോൾ മറ്റുള്ളവർക്ക് ആ അവസരം നിഷേധിക്കപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിവേചനം ഉണ്ടാക്കുന്ന അവസ്ഥ ഒഴിവാക്കി, എല്ലാവർക്കും 57 വയസ്സുവരെ തുടരാൻ അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ ?

## എ.ജി.ഇ. പദ്ധതി

703. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണത്തിനായി AGE (Assistant for Geriatric Emergencies) പദ്ധതികൾ ഉൾപ്പെടുത്തി എത്ര ജില്ലാ ആശുപത്രികളിൽ ജറിയാട്രിക് ക്ലിനിക്കുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വകയിരുത്തിയ തുകയിൽ നിന്നും അനുബന്ധ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## കെ.എസ്.ഡി.പി.യിൽ നിന്നും വാങ്ങിയ മരുന്നും ചികിത്സാ ഉപകരണങ്ങളും

704. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ കെ.എസ്.ഡി.പി.യിൽ നിന്നും എത്ര രൂപയുടെ മരുന്നുകളാണ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ;

(ബി) 2014-15-ൽ കെ.എം.എസ്.സി.എൽ ആകെ എത്ര രൂപയുടെ മരുന്നും ചികിത്സാ ഉപകരണങ്ങളുമാണ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ;

## പി.എച്ച്.സി.കളിലെ ലബോറട്ടറി സംവിധാനം

705. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, പി.സി വിഷ്ണുനാഥ്
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പി.എച്ച്.സി.കളിലും ലബോറട്ടറി സംവിധാനം ലഭ്യമാണോയെന്ന് വിശദമാക്കാമോ;

(ബി) ലാബുകൾ ഇല്ലാത്ത പി.എച്ച്.സി.കൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ;

(സി) മുഴുവൻ പി.എച്ച്.സി.കളിലും ലാബ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## പനി ബാധിച്ചുള്ള മരണം

706. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, സ്വകാര്യ ആശുപത്രികളിലുമായി ഏതെല്ലാം തരം പനി ബാധിച്ച് എത്ര പേർ മരണപ്പെട്ടുവെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാം തരം പനി ബാധിച്ച് എത്ര ആദിവാസികൾ മരണപ്പെട്ടെന്ന് അറിയിക്കുമോ?

## പനി ബാധിതർക്ക് ചികിത്സ

707. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എല്ലാ വർഷവും സംസ്ഥാനത്ത് ഡെങ്കിപ്പനി, എച്ച്1എൻ1 പനി, പക്ഷിപ്പനി, പന്നിപ്പനി, ചെള്ളുപനി, കുരങ്ങുപനി എന്നീ വിവിധയിനം പനികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്താകമാനം പ്രസ്തുത കാലയളവിൽ ഓരോ വർഷവും വിവിധയിനം പനി ബാധിച്ച് എത്ര പേർ മരണപ്പെട്ടു എന്നും ഇവരുടെ ആശ്രിതർക്ക് എന്തെങ്കിലും

സഹായം ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഇത്തരം മാരകമായ പനി ബാധിച്ച് നിലവിൽ എത്ര പേർ ചികിത്സ തേടിയിട്ടുണ്ട് എന്നും പ്രസ്തുത പനി നിയന്ത്രിക്കാനും നിർമ്മാർജ്ജനം ചെയ്യുവാനും വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) പരിശോധനകൾക്ക് ആശുപത്രി ലാബ് സൗകര്യം മെച്ചപ്പെടുത്താനും ഫലപ്രദമായ ചികിത്സ യഥാസമയം ലഭ്യമാക്കാനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്.

708. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സ്ഥലം കണ്ടെത്തി നൽകിയാൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്(AIIMS) കേരളത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിയ്ക്കുമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ സ്ഥാപനത്തിന് ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണിയ്ക്കുന്നത്; വ്യക്തമാക്കുമോ ?

## എൻ.ആർ.എച്ച്.എം., ആയുഷ് പദ്ധതി പ്രകാരം ജോലി ചെയ്തുവരുന്നടെ വേതനം

709. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം., ആയുഷ് പദ്ധതി പ്രകാരം ജോലി ചെയ്തുവരുന്ന ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും വേതനം എത്ര രൂപയാണ്; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ഡിസ്പെൻസറികൾ സർക്കാർ ഡിസ്പെൻസറികളാക്കി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## വൃക്ക രോഗികൾക്ക് സൗജന്യ മരുന്ന്

710. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും

കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് എ.പി.എൽ, ബി.പി.എൽ. വ്യത്യാസമില്ലാതെ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>വൃക്ക ദാതാക്കൾക്കും സ്വീകർത്താക്കൾക്കും തുടർ ചികിത്സ സൗജന്യമാക്കുവാൻ നടപടി</u>

711. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക ദാതാക്കൾക്കും സ്വീകർത്താക്കൾക്കും തുടർ ചികിത്സ ആവശ്യമാണെന്നതും അത് ചെലവേറിയ ചികിത്സയാണെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത വിഭാഗത്തിലുള്ളവരുടെ തുടർ ചികിത്സ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഭക്ഷണ പദാർത്ഥങ്ങളുടെ പരിശോധനാ സംവിധാനം</u>

T 712. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷമുക്ത ഭക്ഷണ പദാർത്ഥങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നത് തടയുന്നതിന് സർക്കാർ നടപടികളുടെ ഭാഗമായി എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>മാനസിക രോഗ ചികിത്സാ സൗകര്യം</u>

713. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തലത്തിൽ മാനസികരോഗ ചികിത്സാ സൗകര്യങ്ങൾ താരതമ്യേന കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനസികരോഗ ചികിത്സയ്ക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) മാനസികരോഗികൾക്കായി സാമൂഹികാരോഗ്യ പദ്ധതിയിൽപ്പെടുത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുമോ?

## ആളോഹരി ചികിത്സാ ചെലവ്

714\. ശ്രീ.സി.ദിവാകരൻ

,, ജി.എസ്.ജയലാൽ

,, ചിറ്റയം ഗോപകുമാർ

ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആളോഹരി ചികിത്സാ ചെലവ് ഏറ്റവും കൂടുതൽ കേരളത്തിലാണെന്ന് ചൂണ്ടിക്കാട്ടുന്ന പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് റിപ്പോർട്ടിലെ കൂടുതൽ വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആരോഗ്യ ചികിത്സയ്ക്ക് ആളോഹരിയുള്ള സ്വകാര്യ മേഖലാ ചെലവും, പൊതുമേഖലാ ചെലവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ചികിത്സാ ചെലവ് ഉയരുന്നതിൽ സർക്കാർ ഇടപെടലുകൾ എത്രത്തോളം ഫലപ്രദമാണ്; വ്യക്തമാക്കുമോ?

## പുകയില നിയന്ത്രണ നിയമം

715\. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുകയില നിയന്ത്രണ നിയമം കേരളത്തിൽ ഫലപ്രദമായി നടപ്പിലാകുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

## ആരോഗ്യ വകുപ്പിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

716\. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) 2011 മെയ് മുതൽ നാളിതുവരെ ആരോഗ്യ വകുപ്പിൽ എത്ര ജീവനക്കാരെ നിയമിച്ചു;

(സി) വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ റിപ്പോർട്ട്

ചെയ്യുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ;

(ഡി) സർക്കാർ ആശുപത്രികളിലെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും;

(ഇ) PHC , CHC എന്നിവ മുഖേന വിവിധ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് മൂന്ന് മാസത്തിൽ ഒരിക്കൽ ബോധവത്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## വയനാട് ജില്ലയിലെ കുരങ്ങുപനി

717. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വനത്തോട് ചേർന്നുള്ള മേഖലകളിൽ താമസിക്കുന്നവർക്ക് കുരങ്ങുപനി പടർന്നുപിടിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ജില്ലയിൽ എത്രപേർക്കു കുരങ്ങുപനി പടർന്നു പിടിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർ മരണപ്പെട്ടെന്നും വ്യക്തമാക്കുമോ ;

(സി) കുരങ്ങുപനി നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## കുണ്ടറ മണ്ഡലത്തിലെ കിഡ്നി, ക്യാൻസർ രോഗബാധിതർ

718. ശ്രീ.എം.എ.ബേബി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലും അടുത്തകാലത്തായി കിഡ്നി, ക്യാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനം നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ?

## കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റ്

719. ശ്രീ.കെ.അച്ചുതൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും

കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു; എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## തരൂർ ആയുർവേദാശുപത്രിയിലെ പുതിയ തസ്തികകൾ

720. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ ആയുർവേദ ഡിസ്പെൻസറി, ആയുർവേദാശുപത്രിയാക്കി ഉയർത്തിയതിനെ തുടർന്ന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) തസ്തികകൾ അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) തസ്തികകൾ അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തെ മന്ത്രിസഭായോഗമാണ് തീരുമാനമെടുത്തത് എന്നറിയിക്കുമോ ;

(ഇ) മന്ത്രിസഭായോഗ തീരുമാനം ഉത്തരവ് ആയി പുറപ്പെടുവിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

## ലെയ്സ്, ചീറ്റോസ്, കുർകുറേ തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ

721. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെയ്സ്, ചീറ്റോസ്, കുർകുറേ തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ കുട്ടികളിൽ സൃഷ്ടിക്കുന്ന "ഭക്ഷണ അടിമത്വം" സംബന്ധിച്ച് ഏതെങ്കിലും

തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവയെല്ലാം സംബന്ധിച്ച് ഒരു പഠനം നടത്തി അടിയന്തര നടപടികൾ കൈക്കൊള്ളുമോ;

(സി) ഇവയുടെ പായ്ക്കറ്റുകൾ സൃഷ്ടിക്കുന്ന മലിനീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം സംബന്ധിച്ച് പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

## അനധികൃത ലാബുകളുടെ പ്രവർത്തനം

722. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ലാബുകൾക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(ബി) യോഗ്യതാ മാനദണ്ഡമില്ലാത്ത ലാബുകൾ അടച്ചുപൂട്ടുന്നതിനും യോഗ്യരായ ജീവനക്കാരാണ് ലാബുകളിൽ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്‌റേ ലാബുകളും , സ്കാനിംഗ് സെന്ററുകളും നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## നെന്മാറ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

723. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി. ഏഴ് ഗ്രാമ പഞ്ചായത്തുകളിലെ ജനങ്ങളുടെ ഏക കിടത്തി ചികിത്സാ കേന്ദ്രമാണ് എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) 93 കിടക്കകളുള്ള ഈ ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടി ക്രമങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

## കുരങ്ങു പനി,ശുശ്രൂഷകരുടെ പരിരക്ഷ

724. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരങ്ങു പനി വ്യാപിക്കുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണയിൽ ഏർപ്പെട്ടിട്ടുണ്ടോ ?

(ബി) പനി ബാധിതരെ ശുശ്രൂഷിക്കുന്ന ആരോഗ്യവകുപ്പ് ജീവനക്കാർക്കും സന്നദ്ധസംഘടനകൾക്കും എന്തെല്ലാം പരിരക്ഷയാണ് ഉറപ്പാക്കിയിരിക്കുന്നത് ;

<u>സ്വസ്ഥം പദ്ധതി</u>

725. ശ്രീ.ഷാഫി പറമ്പിൽ

**,,** കെ.മുരളീധരൻ

**,,** ആർ . സെൽവരാജ്

**,,** പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വസ്ഥം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(സി) ജനങ്ങളെ സ്ക്രീനിംഗ് നടത്തി ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ആലപ്പുഴ ജനറൽ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ</u>

726. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജനറൽ ആശുപത്രി കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ നശിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കുന്നതിനും ജനറൽ ആശുപത്രിയുടെ വികസനത്തിനും നടപടി കൈക്കൊള്ളുമോ?

<u>കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രികൾ</u>

727. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടത്തി ചികിത്സാ സൗകര്യമുള്ള മെഡിക്കൽ കോളേജ് ആശുപത്രികളുൾപ്പെടെ എത്ര സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിലൊട്ടാകെ എത്ര കിടക്കകളാണുള്ളത്; ശരാശി എത്ര രോഗികളെ കിടത്തി ചികിത്സിക്കേണ്ടി വരാറുണ്ട്;

(സി) മെഡിക്കൽ കോളേജാശുപത്രികൾ, എസ്.എ.ടി. പോലുള്ള വനിതാ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ കിടക്കകളിലും വളരെയധികം രോഗികളെ കിടത്തി ചികിത്സിക്കേണ്ടി വരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) ഇത്തരം ആശുപത്രികളിലെ കിടത്തി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ?

<u>മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സംവിധാനം</u>

728. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സംവിധാനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം ഒരുക്കുന്നതിന് നിലവിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ പ്രസ്തുത സൗകര്യം ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണം</u>

729. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം വിശദമായ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി കേന്ദ്ര സർക്കാർ എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്;

(സി) പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാന വിഹിതം എത്രയാണ്; അതുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് ആലപ്പുഴ മെഡിക്കൽ

കോളേജിൽ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം</u>

730. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ജീർണ്ണിച്ചതും പഴകിയതും ചിതറിക്കിടക്കുന്നതുമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഒരു പുതിയ കെട്ടിട സമുച്ചയത്തിൻ കീഴിലാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രി വക 100 ഏക്കറിലധികം വരുന്ന സ്ഥലത്ത് ആരോഗ്യമേഖലയിലെ ഒരു പ്രധാനപ്പെട്ട കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുള്ള രോഗികൾക്ക് സൗജന്യമായി മരുന്നു ലഭിക്കുവാൻനടപടി</u>

731. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുള്ള രോഗികൾക്ക് പ്രതിദിനം അവരുടെ അക്കൗണ്ടിൽ നിന്നും 500/- രൂപ വീതം കുറയുന്നുവെങ്കിലും ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; രോഗികൾക്ക് സൗജന്യമായി മരുന്നു ലഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ആശുപത്രികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളെ ക്കുറിച്ചും പരാതി അറിയിക്കുവാൻ ഓൺലൈൻ/ഹോട്ട് ലൈൻ പരാതി പരിഹാരസംവിധാനം ഒരുക്കുമോ?

<u>സാമൂഹ്യ മാനസികാരോഗ്യ പദ്ധതി</u>

732. **ശ്രീ.ഇ.ചന്ദ്രശേഖരൻ**

**,,** വി.എസ്.സുനിൽ കുമാർ

**,,** കെ.രാജു

**,,** പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും

കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പും ഇൻഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന സാമൂഹ്യ മാനസികാരോഗ്യ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കി വന്നിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ചികിത്സകളാണ് രോഗികൾക്ക് നൽകിയിരുന്നതെന്നും ശരാശരി എത്ര ഗുണഭോക്താക്കൾ ഇത് പ്രയോജനപ്പെടുത്തുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) ഫണ്ടിന്റെ അപര്യാപ്തതയും മരുന്ന് വിതരണത്തിലെ തടസ്സങ്ങളും മൂലം പ്രസ്തുത പദ്ധതിക്ക് തടസ്സം നേരിട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നെണ്ടെന്ന് വിശദമാക്കുമോ ?

## ചേലക്കര നിയോജകമണ്ഡലത്തിലെ സി.എച്ച്.സി.കളും പി.എച്ച്.സി.കളും

733. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര സി.എച്ച്.സി.കളും പി.എച്ച്.സി.കളും പ്രവർത്തിക്കുന്നുണ്ടെന്നും ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഓരോന്നിലും അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ ഓരോന്നിലും നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ട തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിനാനുപാതികമായി സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## നെടുമ്പന സി.എച്ച്.സി.യിലെ നഴ്സുമാരുടെ ഒഴിവുകൾ

734. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന സി. എച്ച്.സി. യിൽ നിലവിൽ നഴ്സുമാരുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഈ തസ്തികകളിന്മേൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഒഴിവുള്ള തസ്തികകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) നെടുമ്പന സി.എച്ച്.സി.യിൽ സി. എച്ച്.സി. പാറ്റേണിൽ മെഡിക്കൽ ഓഫീസർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

## ചികിത്സാ പിഴവു മൂലമുള്ള മരണങ്ങൾ

735. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ ചികിത്സാ പിഴവു മൂലം മരണപ്പെട്ടവർ , അംഗവൈകല്യം സംഭവിച്ചവർ എന്നിവർ എത്രയെന്നും ആരൊക്കെയെന്നും സംബന്ധിച്ച വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമൊ;

(ബി) ഇത്തരം ഗുരുതര വീഴ്ച സംഭവിച്ചതിന്റെ പേരിൽ എത്ര ഡോക്ടർമാർക്കെതിരെയും മറ്റ ആശുപത്രി ജീവനക്കാർക്കെതിരെയും അന്വേഷണ പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അവർ ആരൊക്കെയാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മരണപ്പെട്ടവരുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും കുടുംബങ്ങൾക്ക് എന്തൊക്കെ ധനസഹായം നൽകുകയുണ്ടായി; വ്യക്തമാക്കുമോ;

(ഡി) ഇത്തരം ഗുരുതര വീഴ്ച വരുത്തുന്ന ഡോക്ടർമാർ അന്വേഷണ ഘട്ടത്തിൽ മറ്റ് സ്വകാര്യ ആശുപത്രികളിൽ സേവനം നടത്തി പണമുണ്ടാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ വകുപ്പിന്റെ നയം എന്തെന്ന് വ്യക്തമാക്കുമോ?

## വന്ധ്യതാ ചികിത്സ

736. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്ധ്യതാ ചികിത്സയുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളുടെ കുറവും സ്വകാര്യ ആശുപത്രികൾ ചൂഷണം ചെയ്യുന്ന ദുസ്ഥിതിയും ഭാരിച്ച ചികിത്സാ ചെലവും നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

(സി) നടപ്പു ബജറ്റിൽ എത്ര തുക ഈ പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ ;പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ള വിവരം ഇനം

തിരിച്ച് വിശദമാക്കുമോ ?

സ്വകാര്യ പരിശോധനാ ലാബുകളുടെ രജിസ്ട്രേഷനും ഗുണനിലവാര പരിശോധനയും

737. ശ്രീ.പി.ഉബൈദുള്ള

,, കെ.എന്‍.എ.ഖാദര്‍

,, എന്‍. ഷംസുദ്ദീന്‍

,, സി.മമ്മൂട്ടി **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന സ്വകാര്യ പരിശോധനാ ലാബുകളുടെ രജിസ്ട്രേഷന്‍, അവയുടെ ഗുണനിലവാര പരിശോധന എന്നിവയ്ക്ക് നിലവില്‍ എന്തെങ്കിലും സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര സ്വകാര്യലാബുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കില്‍ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സ്വകാര്യ ലാബുകള്‍ അമിത നിരക്ക് ഈടാക്കുന്നു, ശുചിത്വമില്ല, പരിശോധനാഫലം കൃത്യമല്ല തുടങ്ങിയ പരാതികള്‍ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; എങ്കില്‍ അക്കാര്യത്തില്‍ സ്വീകരിച്ചുവരുന്ന പരിഹാര നടപടികള്‍ വ്യക്തമാക്കുമോ?

മലപ്പുറം താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രി

738. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ കാഷ്വാലിറ്റി മെഡിക്കല്‍ ഓഫീസര്‍മാരുടെ തസ്തികകള്‍ സൃഷ്ടിക്കുന്ന കാര്യം ഇപ്പോള്‍ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) കാഷ്വാലിറ്റി മെഡിക്കല്‍ ഓഫീസര്‍മാരുടെ തസ്തികയില്ലാത്ത ഏക താലൂക്ക് ആശുപത്രി എന്ന വസ്തുത കണക്കിലെടുത്ത് അടിയന്തരമായി തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

പൊന്നാനി താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രിയിലെ അനസ്തേറ്റിക് ഡോക്ടറുടെ തസ്തിക

739. ശ്രീ.പി.ശ്രീരാമകൃഷ്ണന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനസ്തേറ്റിക് ഡോക്ടറുടെ തസ്തിക സ്ഥിരമായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദിവസവും നിരവധി സിസ്സേറിയൻ അടക്കമുള്ള ശസ്ത്രക്രിയകൾ നടക്കുന്ന ആശുപത്രിയിൽ പുറത്തു നിന്ന് ഡോക്ടറെ വിളിച്ചാണ് അനസ്തേഷ്യ നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ പുറത്തുനിന്ന് വരുന്ന താൽക്കാലിക ഡോക്ടർക്ക് നൽകുന്ന വേതനം കഴിഞ്ഞ ആറ് മാസത്തോളമായി മുടങ്ങിക്കിടക്കുന്നതുമൂലം ഡോക്ടർ വരാൻ തയ്യാറാവാത്ത വിവരം അറിയാമോ ;

(ഡി) എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകിയിരുന്ന വേതനം കുടിശ്ശിക അടക്കം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ ; വിശദമാക്കുമോ ?

## <u>മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം</u>

740. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, കാരുണ്യ ഫാർമസി എന്നിവ ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ;എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ?

## <u>ഡെന്റൽ മെക്കാനിക് തസ്തിക</u>

741. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ മെക്കാനിക് തസ്തികയിൽ ഗവൺമെന്റ് ദന്താശുപത്രികളിൽ നിലവിലുള്ള ഒഴിവുകൾ എത്ര; അവ പി.എസ്.സി യെ അറിയിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് വരുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കാമോ?

## <u>പൊന്നാനി മണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>

742. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് എൻ.ആർ.എച്ച്.എം.-ൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ അതുപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പ് ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ആശുപത്രി എന്നത്തേയ്ക്ക് തുറന്നു പ്രവർത്തിക്കാനാകുമെന്ന് വിശദമാക്കാമോ?

## ആശുപത്രി സെക്യൂരിറ്റി ജീനക്കാർ

743. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ്,SATതുടങ്ങിയ പ്രധാന ആശുപത്രികളിൽ സെക്യൂരിറ്റി ജീനക്കാരിൽ പുരുഷന്മാർ നെയിംസ്ലിപ്പ് ധരിക്കാൻ കൂട്ടാക്കാത്തിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്ക് നെയിംസ്ലിപ്പ് ധരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ തിരിച്ചറിയലിന് സഹായകരമായ നമ്പരെങ്കിലും പുരുഷ സെക്യൂരിറ്റി ജീവനക്കാർ ധരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

## താലൂക്ക് ആശുപത്രികളിലെ ലാബ്

744. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിലെ ലാബിന്റെ പ്രവർത്തനം എത്ര മണി മുതൽ എത്ര മണി വരെ ലഭ്യമാണ്; ഇവയുടെ പ്രവർത്തന സമയം സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഒ.പി. സമയം അവസാനിക്കുന്നതോടെ ലാബുകളുടെയും പ്രവർത്തനം അവസാനിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലാബിന്റെ സേവന സമയം വർദ്ധിപ്പിച്ച് ആയത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## വന്ധ്യതാ ക്ലിനിക്കുകൾ

745. ശ്രീ.എ.റ്റി.ജോർജ്

,, കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്കുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു; പ്രസ്തുത ക്ലിനിക്കുകൾ എന്ന് മുതൽ പ്രവർത്തനമാരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലുമുള്ള വന്ധ്യതാ ക്ലിനിക്കുകളിലെ ചികിത്സാചെലവുകളിലെ അന്തരം പരിശോധിച്ചിട്ടുണ്ടോ;

(സി) സാധാരണക്കാർക്ക് പ്രയോജനപ്രദമായ വന്ധ്യതാ ക്ലിനിക്കുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തൽ

746. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയതെന്ന് പറയുമോ ;

(ബി) ഇവയുടെ നിയോജകമണ്ഡലം തിരിച്ച പേരുകൾ ലഭ്യമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സാമൂഹ്യ ആരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഡി) ജില്ലയിലെ ഏതെങ്കിലും സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്കരണം

747. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനു വേണ്ടി ഭക്ഷ്യസുരക്ഷാ വകുപ്പ് എത്ര സ്കൂളുകളിലാണ് പരിശീലനം നൽകിയത്; ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇതിലൂടെ എത്ര കുട്ടികൾക്കാണ് പരിശീലനം നൽകിയത്?

ജന്തുജന്യ രോഗ പ്രതിരോധ നടപടികൾ

748. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പന്നിപ്പനി, കുരങ്ങുപനി എന്നിവ എവിടെയെല്ലാം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നു അറിയിക്കാമോ;

(ബി) ടി രോഗങ്ങൾ മൂലം സംസ്ഥാനത്ത് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത രോഗങ്ങളുടെ പ്രതിരോധത്തിന് എന്തെല്ലാം മുൻകരുതൽ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പക്ഷി, ജന്തുജന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും യഥാസമയം പ്രതിരോധിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ലഭ്യമാണോ;

(ഇ) ഇല്ലായെങ്കിൽ ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്ന വിധത്തിൽ ആരോഗ്യരംഗത്ത് മാറ്റങ്ങൾ കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

വൈപ്പിൻ മുനമ്പം സർക്കാർ ആശുപത്രിയിൽ കിടത്തിച്ചികിത്സ

749. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം സർക്കാർ ആശുപത്രിയിൽ കിടത്തിച്ചികിത്സാ സൗകര്യം ഉണ്ടായിരുന്നുവോയെന്നും ഇത് തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കാമോ ;

(ബി) നിലവിൽ എത്ര ഡോക്ടർമാരുടെ സേവനംപ്രസ്തുത ആശുപത്രിയിൽ ലഭ്യമാണെന്നും കിടത്തിച്ചികിത്സ തുടരുന്നതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

പഴയങ്ങാടി താലൂക്ക് ആശുപത്രി

750. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്; എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇവിടെ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ടിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ടിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമകെയർ, ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ</u>

751. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമകെയർ, ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നടപടി ഏതു ഘട്ടത്തിലാണ് ;വ്യക്തമാക്കാമോ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി, എക്സ്റേ യൂണിറ്റ്, സീവേജ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടിഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(സി) 10 കിടക്കകളോടുകൂടിയ ഐ.സി.യു.വും, ബയോ കെമിസ്ട്രി ഓട്ടോ അനലൈസറും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പേരാവൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി</u>

752. ശ്രീ.സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്വാലിറ്റി സൗകര്യങ്ങൾ ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി ആരംഭിക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പേരാവൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി</u>

753. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) അവയവദാനത്തിന് സന്നദ്ധരായവരുടെയും ആവശ്യമുള്ളവരുടെയും വിവരം ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) ഓരോ ജില്ലയിലും ഇത്തരത്തിലുള്ള പ്രത്യേക സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഇംഹാൻസ് പദ്ധതികൾ</u>

754. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഇംഹാൻസ് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇംഹാൻസിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ ?

<u>സാംക്രമിക രോഗങ്ങൾ പകരാതിരിക്കുവാൻ നടപടി</u>

755. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിപ്പനി, കുരങ്ങ്പനി, എംബോള തുടങ്ങിയ സാംക്രമിക രോഗങ്ങൾ മനുഷ്യരിലേക്ക് പകരാതിരിക്കുവാനും സംസ്ഥാനത്ത് ഇവയെ നിയന്ത്രണ വിധേയമാക്കുവാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ഈ രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനും പുതിയ വൈറസുകളെ കണ്ടെത്തുന്നതിനും ആവശ്യമായ ആധുനിക ലാബ് സൗകര്യം സംസ്ഥാനത്ത് ലഭ്യമാണോ;

(സി) ഇല്ലെങ്കിൽ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ (എൻ.സി.ഡി.സി.), മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങൾപോലെ ഒരു സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>എണ്ണപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം</u>

756. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗം ഏറെ താമസിക്കുന്ന കോടോംബേളൂർ പഞ്ചായത്തിലെ എണ്ണപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) 2009 ൽ എണ്ണപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തെ 24x7 മണിക്കൂർ ആശുപത്രിയായി ഉയർത്തിയതിനുശേഷം എന്തൊക്കെ തസ്തികകളാണ് കൂടുതലായി അനുവദിച്ചതെന്ന് പറയാമോ;

(ഡി) അനുവദിച്ചിട്ടില്ലെങ്കിൽ തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എലിഞ്ഞിപ്ര സി.എച്ച്.സി.</u>

757. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ എലിഞ്ഞിപ്ര പി.എച്ച്.സി.യെ സി.എച്ച്.സി. ആക്കി ഉയർത്തിയെങ്കിലും അതിനാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാത്തതു മൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിൽസയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രി</u>

758. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നിലവിൽ ഏതൊക്കെ സ്പെഷ്യൽ ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) സ്പെഷ്യൽ ക്ലിനിക്കുകളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ഹോമിയോ ആശുപത്രിയിലെ സ്പെഷ്യൽ ക്ലിനിക്കിന്റെ പ്രവർത്തന മികവ് പരിഗണിച്ച് ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ?

<u>ബാലുശ്ശേരി താലൂക്ക് ആശുപത്രി കാരുണ്യ ഫാർമസി</u>

759. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ KMSCL നിർദ്ദേശിച്ച പ്രകാരം ഫാർമസി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടും കാരുണ്യ ഫാർമസി ആരംഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇരു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് താലൂക്ക് ആശുപത്രി, KMSCL, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അധികാരികളെ പങ്കെടുപ്പിച്ച് യോഗം വിളിക്കുന്നതിന് നിർദ്ദേശിക്കാമോ?

<u>കുറ്റ്യാടി താലൂക്ക് ആശുപത്രി- ശ്രീ. വി.കെ. കരുണൻ നൽകിയ പരാതി</u>

760. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ളവരും പെൻഷൻ പറ്റിയവരുമായ ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച് കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ജീവനക്കാരനെതിരെ ശ്രീ. വി.കെ. കരുണൻ എന്നയാൾ നൽകിയ പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ

761. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ വേണ്ടത്ര ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഒഴിവ് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിലവിലുള്ള ഒഴിവ് എന്ന് നികത്താനാകും എന്ന് അറിയിക്കുമോ?

## കുറ്റ്യാടി ഡയാലിസിസ് സെന്റർ

762. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ജനപങ്കാളിത്തത്തോടെ ആരംഭിച്ച ഡയാലിസിസ് കേന്ദ്രത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡയാലിസിസ് സെന്ററിൽ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ അലോപ്പതി ഡോക്ടർമാരുടെ തസ്തികകളും സേവനവും

763. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അലോപ്പതി ആശുപത്രികളിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ തസ്തികകളുടെ എണ്ണം എത്രയാണെന്നും അതിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭിക്കുന്നതെന്നും വിശദീകരിക്കാമോ;

(ബി) അനുവദിക്കപ്പെട്ട തസ്തികയ്ക്കനുസരിച്ച് സേവനം ലഭിക്കാതിരിക്കുന്നുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ജില്ലയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ ദിനപരിചരണ കേന്ദ്രങ്ങൾ

764. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മാനസിക വെല്ലുവിളി നേരിടുന്നവരെ സഹായിക്കുന്നതിന് ദിനപരിചരണ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ എവിടെയൊക്കെയാണ് തുടങ്ങിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കെട്ടിട വാടക, ജീവനക്കാരുടെ ശമ്പളം എന്നീ ഇനത്തിൽ എത്ര തുകയാണ് മാസം തോറും ചെലവാക്കുന്നത്;

(ഇ) ഓരോ കേന്ദ്രത്തിലും എത്ര അന്തേവാസികൾ വരുന്നുണ്ട്; ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങൾക്ക് കെട്ടിടം കണ്ടെത്തുകയും ഇവിടെയുള്ള ജീവനക്കാരെ നിയമിച്ചതും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

## കരൾമാറ്റ ശസ്ത്രക്രിയ

765. **ശ്രീ.എം.എ. വാഹീദ്**
**,, എം.പി.വിൻസെൻറ്**
**,, സണ്ണി ജോസഫ്**
**,, ലൂഡി ലൂയിസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കരൾമാറ്റ ശസ്ത്രക്രിയ ചെയ്യുവാൻ നിലവിൽ സൗകര്യമുള്ളത്;

(സി) എത്ര രോഗികൾ കരൾമാറ്റ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) കരൾമാറ്റ ശസ്ത്രക്രിയ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിന്

നടപടി സ്വീകരിക്കുമോ?

ഹീമോഫീലിയ രോഗബാധിതരുടെ ചികിത്സ

766. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിൽ ഹീമോഫീലിയ രോഗബാധിതരുടെ ചികിത്സയ്ക്കായി പ്രത്യേക വിഭാഗമോ വിദഗ്ദ്ധ ഡോക്ടർമാരോ ഉണ്ടെങ്കിൽ എത്ര ഡോക്ടർമാരെയാണ് ഇവിടെ നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഹിമോഫീലിയ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതനുസരിച്ച് കൂടുതൽ ഡോക്ടർമാരെ ഈ രംഗത്ത് നിയമിക്കുമോ എന്നും വെളിപ്പെടുത്തുമോ ?

മെഡിക്കൽ കോർപ്പറേഷനെ ഒഴിവാക്കി വാങ്ങിയ മരുന്നുകൾ

767. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ സർവിസസ് കോർപ്പറേഷനിൽ കൂടിയല്ലാതെ മരുന്നു വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം മരുന്ന് വാങ്ങുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദവിവരം നൽകുമോ;

(സി) ഏതെല്ലാം മരുന്ന് കമ്പനികളിൽ നിന്നുമാണ് ഇപ്രകാരം മെഡിക്കൽ സർവിസസ് കോർപ്പറേഷനെ ഒഴിവാക്കി മരുന്ന് വാങ്ങിയിട്ടുള്ളത്; വാങ്ങിയ തുകയുടെ വിശദാംശം നൽകുമോ;

(ഡി) ജനറിക് മരുന്നുകൾ മാത്രമാണോ മെഡിക്കൽ കോർപ്പറേഷൻ വഴി വാങ്ങുന്നത്; വിശദാംശം നൽകുമോ?

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി

768. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നത്തേയ്ക്ക് താലൂക്ക് ആശുപത്രിയായി ഉയർത്തും എന്ന് വ്യക്തമാക്കുമോ?

<u>നെടുങ്ങോലം താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം</u>

769. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള കെട്ടിടത്തിന് എത്ര രൂപയുടെ ഭരണാനുമതി എന്ന് നൽകിയെന്ന് അറിയിക്കുമോ ;

(ബി) കെട്ടിടത്തിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതിയും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) കെട്ടിടനിർമ്മാണത്തിന് നിലവിൽ തടസ്സങ്ങൾ വല്ലതുമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

<u>പുളിയഞ്ചേരി പി.എച്ച്.സി കെട്ടിടം</u>

770. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സി.എച്ച്.സി യ്ക്ക് കീഴിൽ കൊയിലാണ്ടി നഗരസഭ പരിധിയിലുള്ള പുളിയഞ്ചേരി പി.എച്ച്.സി യിലെ നിലവിലെ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി ലഭിക്കുന്നതിന് കോഴിക്കോട്ഡി.എം.ഓ-യിൽ നിന്ന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് നൽകിയിട്ടുള്ള അപേക്ഷയിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൽ തീരുമാനം വൈകുന്നത് കാരണം LAC-ADS ഫണ്ടിൽ ഭരണാനുമതി ലഭിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ആയുർവ്വേദ കോളേജ് ആശുപത്രിയിൽ പുതിയ തസ്തികകൾ</u>

771. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിലെ 2015 ഫെബ്രുവരി 25-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ട പുതിയ പേവാർഡ് മന്ദിരത്തിൽ ജോലികൾ നിർവ്വഹിക്കുന്നതിനായി, ജീവനക്കാരുടെയോ, ഡോക്ടർമാരുയെടോ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, ആശുപത്രിയിൽ എന്തു പകരം സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

## സംസ്ഥാനത്ത് പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിലെ ജീവനക്കാർ

772. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിലേക്ക് നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ നിന്നും ജീവനക്കാരെയും ഡോക്ടർമാരെയും മാറ്റിയിട്ടുണ്ടോ;

(ബി) പുതിയ മെഡിക്കൽ കോളേജുകളിലേക്ക് മാറ്റപ്പെട്ട ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം എത്ര വീതമെന്ന് വെളിപ്പെടുത്താമോ?

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ ആന്റ് മോഡേൺ ലബോറട്ടറി ബ്ലോക്ക് നിർമ്മാണം

773. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ ആന്റ് മോഡേൺ ലബോറട്ടറി ബ്ലോക്ക് നിർമ്മാണം (ഒന്നാം ഘട്ടം) പൂർത്തീകരിച്ചത് എന്നാണ്; ഏതു ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയത്; എത്ര തുക ചെലവഴിച്ചു;വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മന്ദിരത്തിന്റെ മുകളിലായി ഇപ്പോൾ നടക്കുന്ന നിർമ്മാണത്തിന്റെ വിശദാംശങ്ങൾഎന്തെല്ലാം : അടങ്കൽ തുക, എന്തൊക്കെ സംവിധാനങ്ങൾക്കാണ് നിർമ്മാണം നടത്തുന്നത്, നിർമ്മാണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്, നിർമ്മാണം തുടങ്ങിയ തീയതി, പൂർത്തീകരിക്കുന്ന തീയതി തുടങ്ങിയവ വെളിപ്പെടുത്തുമോ;

(സി) ട്രോമാകെയർ സംവിധാനം കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

## മെഡിക്കൽ ഓഫീസർമാർ

774. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര മെഡിക്കൽ ഓഫീസർമാരാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; ഇവരിൽ സർക്കാർ മേഖലയിലുള്ളവരെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ ഇതുസംബന്ധിച്ച കണക്ക് വെവ്വേറെ വ്യക്തമാക്കാമോ?

## ആറ്റിങ്ങൾ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമകെയർ സംവിധാനം

775. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൾ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമക്കെയർ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിൻറെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ട്രോമകെയർ സംവിധാനം ഈ ആശുപത്രിയിൽ എന്നത്തേക്ക് സജ്ജമാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനായി എന്ത് തുക ചെലവഴിക്കേണ്ടി വരുമെന്നും വ്യക്തമാക്കാമോ?

## ഡയാലിസിസിന് വിധേയമായിക്കൊണ്ടിരുന്ന സഹദേവന്റെ മരണം

776. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസിന് വിധേയമായിക്കൊണ്ടിരുന്ന, ചാത്തമംഗലം-വെള്ളന്നൂർ ദേശത്ത് വമ്പൻകുഴി വീട്ടിൽ സഹദേവൻ എന്നയാളെ, നെഫ്രോളജി വിഭാഗത്തിലെ ഡോക്ടറുടെ അനുമതിയില്ലാതെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് 22.01.2015 ന് ഡിസ്ചാർജ് ചെയ്യുകയും, തുടർന്ന് രോഗം മൂർച്ഛിച്ച് മരണപ്പെടുകയും ചെയ്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ

777. ശ്രീ.അൻവർ സാദത്ത്

,, വർക്കല കഹാർ

,, ബെന്നി ബെഹനാൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ പകൽസമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിൽ പകൽസമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?

കൊട്ടാരക്കര താലൂക്ക് ആശുപത്രി -മെറ്റേണിറ്റി ബ്ലോക്ക് നിർമ്മാണം

778. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രി മെറ്റേണിറ്റി ബ്ലോക്ക് നിർമ്മാണത്തിൽ ഉണ്ടായതായി പറയുന്ന ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ കണ്ടെത്തിയ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) അപാകതകൾ പരിഹരിക്കുന്നതിനായി കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സ്കാനിംഗ് മെഷീനുകൾ.

779. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി എത്ര എം.ആർ.ഐ. സ്കാനിംഗുകളും സി.ടി. സ്കാനിംഗുകളും നടത്തിവരുന്നു;

(ബി) എത്ര എം.ആർ.ഐ. സ്കാനിംഗ് മെഷീനുകളും സി.ടി. സ്കാനിംഗ് മെഷീനുകളും

പ്രവർത്തനക്ഷമമായിട്ടുണ്ട് ;

(സി) സ്കാൻ പരിശോധനകൾക്ക് വളരെയേറെ കാലതാമസം നേരിടുന്നുവെന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൂടുതൽ സ്കാനിംഗ് മെഷീനുകളും സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുവാൻ നടപടി

780. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനസിക രോഗ ആശുപത്രിയിൽ ഇപ്പോൾ ഒക്യുപേഷണൽ തെറാപിസ്റ്റിന്റെ വേക്കൻസി നിലവിലുണ്ടോ ; എങ്കിൽ ഇത് പി.എസ്.സി .ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) ഡി.എം.ഇ., ഡി.എച്ച്.എസ്.എന്നിവിടങ്ങളിൽ ഒക്യുപേഷണൽ തെറാപിസ്റ്റി ന്റെ സേവന വേതന വ്യവസ്ഥകളിൽ ഉള്ള ഡിസ്പാരിറ്റി ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ മറ്റ് മാനസിക രോഗ ആശുപത്രികളിലും ഒക്യുപേഷണൽ തെറാപിസ്റ്റി ന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; ഇതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ ?

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി

781. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തെങ്ങിലകടവിലെ കാൻസർ സെന്റർ

T 782. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28.10.2014-ൽ മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ മാവൂർ തെങ്ങിലകടവിലെ കാൻസർ സെന്റർ, തലശ്ശേരി മലബാർ കാൻസർ സെന്ററിന് ലീസിന് കൊടുത്തത് റദ്ദ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## <u>സഞ്ചരിക്കുന്ന ആശുപത്രികൾ.</u>

783\. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു കീഴിൽ സംസ്ഥാനത്ത് എത്ര സഞ്ചരിക്കുന്ന ആശുപത്രികൾ പ്രവർത്തിച്ചു വരുന്നു; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(ബി) സഞ്ചരിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം, ജീവനക്കാർ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) സഞ്ചരിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നൽകാമോ;

(ഡി) സേവനം നൽകേണ്ട ഓരോ മേഖലയിലും , ഓരോ മാസവും പ്രസ്തുത ആശുപത്രിയുടെ സേവനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശം നൽകാമോ;

## <u>ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ കുറവ്</u>

784\. **ശ്രീ.എം.ഉമ്മർ**

**,,** പി.കെ.ബഷീർ

**,,** കെ.എം.ഷാജി

**,,** സി.മോയിൻ കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ കുറവ് സുരക്ഷാ പരിശോധനകളെ സാരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ എത്ര ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പരിശോധനാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കാൻ

നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ വിശദവിവരം നൽകാമോ;

<u>പകർച്ചപ്പനി നേരിടുന്നതിനായി നീക്കിവെച്ച തുക</u>

785. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി നേരിടുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ നീക്കിവെച്ച തുക എത്ര ;

(ബി) നീക്കിവെച്ച തുകയിൽ ഇതിനകം എത്ര തുക ഏതൊക്കെ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചു ; വിശദമാക്കാമോ?

<u>യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്</u>

786. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിനെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (സിസിഎച്ച്) യുടെ സെക്കന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) സിസിഎച്ച് ന്റെ സെക്കന്റ് ഷെഡ്യൂളിൽപ്പെടാത്തതുമൂലം യൂണിവേഴ്സിറ്റിയിൽ നിന്നും പുതുതായി ബിരുദം നേടുന്നവരുടെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് മൂലം പുതിയ നിയമനങ്ങളിൽ (പി.എസ്.സി., എംപ്ലോയ്മെന്റ് മുഖേന ഉൾപ്പടെ) ഇവിടെ നിന്നും ബിരുദം നേടിയവർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി</u>

787. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബോറട്ടറി സംവിധാനം

788. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബോറട്ടറി സംവിധാനം ഇല്ലായെന്ന് പറയാമോ;

(ബി) ലാബ് സമ്പ്രദായമില്ലാത്ത പി.എച്ച്.സി.കളിൽ ലാബോറട്ടറികൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## അട്ടപ്പാടിയിലെ ആദിവാസികൾക്ക് ആരോഗ്യപദ്ധതി

789. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി പ്രശ്നത്തോടനുബന്ധിച്ച് നടന്ന സമരത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച ആരോഗ്യപദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) അട്ടപ്പാടിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടേയും ജീവനക്കാരുടെയും വിശദാംശങ്ങൾ നൽകുമോ ?

## പച്ചക്കറികളിൽ കീടനാശിനിയുടെ അംശം

790. ശ്രീ.കെ.ശിവദാസൻ നായർ

,, സി.പി.മുഹമ്മദ്

,, എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്നതും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ അംശം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പച്ചക്കറികളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുന്നതിനും അത്തരം പച്ചക്കറികൾ വില്പനക്കെത്തിക്കുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പഴങ്ങൾ രാസവസ്തുക്കൾ ഉപയോഗിച്ച് കൃത്രിമമായി പഴുപ്പിക്കുന്നതിനെതിരെ സ്വീകരിച്ചതുപോലുള്ള നടപടി പച്ചക്കറികളിലെ കീടനാശിനി പ്രയോഗത്തിലും സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(ഡി) ക്യാൻസർ, വൃക്കരോഗം എന്നിവ വർദ്ധിച്ച് വരുന്നതിനുള്ള കാരണം ഇത്തരത്തിൽ മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെ ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

## <u>എൻഡോസൾഫാൻ ദുരിതബാധിതർ</u>

791. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മുതലമടയിലെയും സമീപ പഞ്ചായത്തുകളിലെയും എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിനായി എന്തെല്ലാം പഠനങ്ങളാണ് സർക്കാർ നാളിതുവരെ നടത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) നിലവിൽ എത്രപേരാണ് എൻഡോസൾഫാൻ ബാധിതരായിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) കാസർഗോഡ് പരിശോധിച്ച വിദഗ്ധ ടീമിനെവെച്ച് ഈ മേഖലയിൽ വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധന നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിന് എന്തെങ്കിലും പാക്കേജ് സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സമഗ്ര പാക്കേജ് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

## <u>പകർച്ചവ്യാധികൾ</u>

792. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന പകർച്ചവ്യാധികളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പകർച്ചവ്യാധികൾ പിടിപെട്ട് എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## ഭക്ഷ്യവസ്തുക്കളിലെ മായം

793. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം കലർന്ന ഭക്ഷ്യവസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിനുള്ള ലാബ് സൗകര്യം സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ എവിടെയൊക്കെ; ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയത് സംബന്ധിച്ച് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പ്രാഥമികാരോഗ്യകേന്ദ്രം

794. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമ പഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ വിശദമാക്കുമോ ?

## എച്ച്1 എൻ1

795. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്1 എൻ1 പനി രോഗം തടയുന്നതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ബി) രോഗനിർണ്ണയത്തിന് ഉതകുന്ന ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് എവിടെയൊക്കെയുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) രോഗനിർണ്ണയഫലം എത്രയും പെട്ടെന്ന് ലഭിയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മിഷൻ 676 -ആരോഗ്യസുരക്ഷ

796. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, സി.പി.മുഹമ്മദ്

,, വി.റ്റി.ബൽറാം

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മിഷൻ വഴി ആരോഗ്യ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

## ആരോഗ്യ വകുപ്പിലെ വിരമിക്കൽ പ്രായം

797. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗം ഡോക്ടർമാർക്ക് എത്ര വയസ് വരെയെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിൽ മറ്റേതെല്ലാം വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള ഏതെല്ലാം ശുപാർശകൾ ഇപ്പോൾ പരിഗണനയിലിരിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

## പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകൾ

798. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, വി.ശിവൻകുട്ടി

ശ്രീമതി.കെ.കെ.ലതിക

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വയനാട്, തിരുവനന്തപുരം, ഹരിപ്പാട് മെഡിക്കൽകോളേജുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾക്കായി അനുവദിച്ച തുകയും അത് വിനിയോഗിച്ചതിന്റെ വിശദാംശവും അറിയിക്കാമോ;

(സി) ഇവ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

## പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

799. **ശ്രീ.മോൻസ് ജോസഫ്**

**,,** തോമസ് ഉണ്ണിയാടൻ

**,,** സി.എഫ്.തോമസ്

**,, റ്റി.യു.** കുരുവിള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജിൻറെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇവയുടെ നിലവാരം ഉയർത്തുന്നതിനും മരുന്നും മറ്റു സൗകര്യങ്ങളും സുലഭമായി നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

## മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ പുനർവിന്യാസം

800. **ശ്രീ.ജി.സുധാകരൻ**

**,,** സി.രവീന്ദ്രനാഥ്

**ഡോ.കെ.ടി.ജലീൽ**

**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ പുനർ വിന്യസിച്ചതിന്റെ കാരണവും അതിന് നിശ്ചയിച്ച മാനദണ്ഡവും എന്തായിരുന്നെന്നു വ്യക്തമാക്കുമോ ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 350 ഡോക്ടർമാരുടെ ഒഴിവു കളുണ്ടായിരിക്കെ ഡോക്ടർമാരെ പുനർ വിന്യസിക്കുന്നത് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(സി) മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര തസ്തികകൾ സൃഷ്ടിച്ച്

നിയമനം നടത്തി, അവയുൾപ്പെടെയുള്ള സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## കാസറഗോഡ് മെഡിക്കൽ കോളേജ്

801. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് മെഡിക്കൽ കോളേജ് ഈ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനമാരംഭിക്കുവാനാകുമോ ;

(ബി) മെഡിക്കൽ കോളേജിന്റെ തറക്കല്ലിട്ടതിന് ശേഷം നാളിതുവരെയും യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ടി മെഡിക്കൽ കോളേജിനായി മൊത്തം വരുന്ന ചെലവെത്രയാണ് ; ടി തുക എങ്ങനെ കണ്ടെത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ; ഇതിനകം അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ ?

## മെഡിക്കൽ കോളേജുകളുടെ അംഗീകാരം പുതുക്കൽ

802. ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.ടി.വി.രാജേഷ്
,, പി.ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സംസ്ഥാനത്തെ സർക്കാർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നടത്തിയ പരിശോധനയിലെ കണ്ടെത്തലുകൾ വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജ്, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നിവ ഉൾപ്പെടെയുള്ള നാലു മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനുള്ള അംഗീകാരം പുതുക്കേണ്ടതില്ലെന്ന മെഡിക്കൽ കൗൺസിൽ തീരുമാനത്തിന്റെ കാരണം അറിയിക്കാമോ ;

(സി) മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിച്ച് പ്രസ്തുത കോളേജുകളിലെ കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാക്കാൻ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള എം.ബി.ബി.എസ്. പ്രവേശനത്തിന് പ്രസ്തുത

സ്ഥാപനങ്ങളെയും പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണെന്നു വിശദമാക്കാമോ?

<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ നടത്തിപ്പ്</u>

803. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നടത്തിപ്പിന് 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഏതെല്ലാം വകുപ്പുകൾ എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും ഈ തുക ആരുടെ പേരിൽ ആണ് നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ മെഡിക്കൽ കോളേജിനായി എസ്.സി.പി. ഫണ്ട് അല്ലാതെ മറ്റ് ഫണ്ടുകൾ നീക്കിവെച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

<u>മെഡിക്കൽ കോളേജുകൾ</u>

804. **ശ്രീ.ബെന്നി ബെഹനാൻ**

**,,** കെ.അച്ചുതൻ

**,,** വർക്കല കഹാർ

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു ; എം.ബി.ബി.എസിനും എം.ഡി/എം.എസിനും എത്ര സീറ്റുകൾ ലഭ്യമായിരുന്നു ; ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ്;

(സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കാമോ?

<u>മെഡിക്കൽ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് പദ്ധതി</u>

805. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്വയംഭരണം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലും പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ സ്വയംഭരണം ഏർപ്പെടുത്തുന്നതിലൂടെ ആരോഗ്യ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്രത്തോളം പി.ജി. സീറ്റുകളാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ വെട്ടിക്കുറച്ചതെന്ന് അറിയിക്കുമോ; എങ്കിൽ എന്താണ് കാരണമെന്നറിയിക്കുമോ;

(ഡി) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ആലോചനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കാലാനുസൃതമായി മെഡിക്കൽ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## ആരോഗ്യ സർവ്വകലാശാല നടത്തിപ്പിലെ അപാകതകൾ

806. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാല തുടങ്ങിയതു മുതൽ നാളിതുവരെ, നടത്തിപ്പിലെ അപാകതകൾ മൂലം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായതായി ലോക്കൽ ഫണ്ട് ഓഡിറ്റ്, ആരോഗ്യവകുപ്പ് തുടങ്ങിയവയുടെ അന്വേഷണത്തിൽ കണ്ടെത്തി ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നഷ്ടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(സി) നിലവിൽ ആരോഗ്യ സർവ്വകലാശാലയിൽ ഏതൊക്കെ ഉദ്യോഗസ്ഥർ സസ്പെൻഷനിലാണ് ; സസ്പെൻഷന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട ഫീസ് ഉൾപ്പെടെയുള്ള തുക എത്ര ; നാളിതുവരെ എത്ര തുക ലഭിച്ചു ; എത്ര തുക നഷ്ടമായി ; നഷ്ടത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) ആരോഗ്യ സർവ്വകലാശാലയുടെ നടത്തിപ്പിലെ അപാകതകൾ ഇല്ലാതാക്കാനും സർവ്വകലാശാലയിലെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനും സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

## എയിംസ് അനുവദിക്കുന്നതിനുള്ള നടപടി

807. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## ഒല്ലൂർ വൈദ്യരത്നം കോളേജിലെ ജീവനക്കാരെ സെനറ്റിൽ ഉൾപ്പെടുത്തൽ

808. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിലെ ജീവനക്കാരെ ആരോഗ്യ സർവ്വകലാശാല സെനറ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

## കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ്

809. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് എന്ന് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സ്ഥാപനത്തിന് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മെഡിക്കൽ കോളേജ് പൂർണ്ണമായും സർക്കാർ മേഖലയിലാണോ തുടങ്ങുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

## ആരോഗ്യസർവ്വകലാശാല -അഴിമതി ആരോപണം

810. പ്രൊഫ.സി.രവീന്ദ്രനാഥ്

,, എ.എം. ആരിഫ്

,, ബാബു എം. പാലിശ്ശേരി

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും

ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയിൽ നടക്കുന്നതായി ആരോപിക്കപ്പെട്ട അഴിമതിയെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ക്രമക്കേടുകളെ കുറിച്ച് മുമ്പ് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചത്?

## കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി ഔഷധ വിതരണം

811. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വെയർ ഹൗസുകളിലേക്കുള്ള ഔഷധ വിതരണം നിലച്ചതു മൂലം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ-അവശ്യ മരുന്നുകളുടെ ക്ഷാമം അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും ജീവൻ രക്ഷാ മരുന്നുകളുടെ ആവശ്യമായ സ്റ്റോക്കുകൾ എത്തിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സയോടനുബന്ധിച്ച് വേണ്ടി വരുന്ന മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

812. ശ്രീ.ഹൈബി ഈഡൻ

,, പാലോട് രവി

,, ഷാഫി പറമ്പിൽ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിക്കായി വർഷംതോറും എന്ത് തുക ചെലവാകും എന്ന് അറിയിക്കുമോ ;

(സി) ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ഡി) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

<u>മരുന്നു വില നിയന്ത്രണം</u>

813. **ശ്രീ.എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുവില നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ?

<u>മരുന്നു വില നിയന്ത്രണം</u>

814. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുവില നിയന്ത്രണത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഇതിലൂടെ നേട്ടം കൈവരിക്കാൻ കഴിയുമോയെന്നു പരിശോധിച്ചിട്ടുണ്ടോ?

<u>സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ക്ഷാമം</u>

815. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത കുറവായത് കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>സർക്കാർ ഡിസ്പെൻസറികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം</u>

816. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡിസ്പെൻസറികളിൽ ഗുണനിലവാരം കുറഞ്ഞതും കേടുവന്നതുമായ മരുന്നുകൾ വിതരണം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് അധികാരികൾക്കും സർക്കാരിനും

എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ട്എങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഹോമിയോ മെഡിക്കൽ കോളേജുകളിലെ തസ്തികകളുടെ സ്പെഷ്യൽ റൂൾ പരിഷ്ക്കരണം</u>

817. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ;സി.സി.എച്ച്, യു.ജി.സി. എന്നിവയുടെ നിർദ്ദേശപ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ വിവിധ തസ്തികകളുടെ സ്പെഷ്യൽ റൂൾ പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാൽ മെഡിക്കൽ കോളേജിലെ ടീച്ചിംഗ് ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;=

(സി) സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുവരെ നിർദ്ദിഷ്ട സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സ്ഥിര നിയമനത്തിന് നടപടി സ്വീകരിക്കുമോ ?

<u>ആയുഷ് ഡിപ്പാർട്ടമെന്റ് രൂപീകരണം</u>

818. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ-യുനാനി-ഹോമിയോ ചികിൽസ ഫലപ്രദമായി നടപ്പിലാക്കുന്നതിലേക്കായി ആയുഷ് ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(സി) ചികിൽസാ രംഗത്ത് 'ആയുഷ്'-ന് പ്രധാന്യം നല്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ആചാര സ്ഥാനികർക്കും കോലധാരികൾക്കുമുള്ള വേതന കുടിശ്ശിക</u>

819. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാര സ്ഥാനികർക്കും കോലധാരികൾക്കുമുള്ള വേതനത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകാൻ ബാക്കിയുണ്ട് ; വിശദമാക്കാമോ;

(ബി) വേതന കുടിശ്ശിക നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തര മലബാറിലെ ആചാര സ്ഥാനീകർക്കുള്ള വേതനം</u>

820. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ ആചാര സ്ഥാനീകർക്ക് വേതനം നൽകുന്ന നടപടി ഇപ്പോൾ തുടരുന്നുണ്ടോ;

(ബി) ഈ ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(സി) കുടിശ്ശിക നൽകുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ എത്ര പേർക്കാണ് ഈ വേതനം നൽകുന്നത്; അർഹതപ്പെട്ട കൂടുതൽ പേർക്ക് മേൽ വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>മണ്ഡല മകരവിളക്ക് കാലയളവിൽ സന്നിധാനത്ത് നടന്ന തട്ടിപ്പ്</u>

821. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലയളവിൽ സന്നിധാനത്ത് ഭണ്ഡാരത്തിൽ നിന്നും രൂപയും സ്വർണ്ണവും തട്ടിയെടുത്ത ജീവനക്കാർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) എത്ര തുകയുടെ തട്ടിപ്പാണ് ഇവർ നടത്തിയത് ;

(സി) സമാന സ്വഭാവമുള്ള സംഭവങ്ങൾ പ്രസ്തുത കാലയളവിൽ ശബരിമലയിൽ പിടിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ശബരിമല മാസ്റ്റർ പ്ലാൻ സമിതി</u>

822. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ എല്ലാ നിർമ്മാണ പ്രവർത്തികൾക്കും മാസ്റ്റർപ്ലാൻ സമിതിയുടെ അനുവാദം ആവശ്യമാണോയെന്ന് വ്യക്തമാക്കാമോ ;

(ബി) മാസ്റ്റർ പ്ലാൻ സമിതിയിൽ ആരെല്ലാമാണ് ഉൾപ്പെട്ടിട്ടുള്ളതെന്നതു സംബന്ധിച്ച വിവരം നൽകാമോ ;

(സി) മാസ്റ്റർ പ്ലാൻ സമിതി അവസാനമായി യോഗം ചേർന്നത് എന്നാണ് ; യോഗതീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ;

(ഡി) മാസ്റ്റർ പ്ലാൻ സമിതിയോഗം യഥാസമയം ചേരുന്നതിനും ശബരിമലയിൽ നടപ്പിലാക്കേണ്ട വികസന പദ്ധതികൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും അത് നടപ്പിലാക്കാൻ സമയപ്പട്ടിക നിശ്ചയിപ്പിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ശബരിമല തീർത്ഥാടന വരുമാനം

823. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് വൃശ്ചികം ഒന്നു മുതൽ മകരവിളക്കുവരെ ശബരിമല ക്ഷേത്രത്തിലെ ആകെ വരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; മുൻവർഷം ലഭിച്ചതിന്റെ എത്ര വർദ്ധനയാണ് ഈ വർഷം ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

## ശബരിമല തീർത്ഥാടകർക്ക് നൽകുന്ന അരവണയുടെ ഗുണനിലവാരം

824. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തീർത്ഥാടന കാലത്ത് ശബരിമല തീർത്ഥാടകർക്ക് ആവശ്യത്തിനുള്ള അരവണ ലഭിച്ചില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അരവണ വിതരണം മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) അരവണ നിർമ്മാണത്തിൽ ഭക്ഷ്യസുരക്ഷാനിയമം ദേവസ്വം ബോർഡ് പാലിക്കാറുണ്ടോ; അരവണ നിർമ്മാണത്തിനുള്ള വസ്തുക്കൾ എങ്ങനെയാണ് ദേവസ്വം ബോർഡിന് ലഭിക്കുന്നത്; ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ ലൈസൻസും രജിസ്ട്രേഷനും ദേവസ്വം ബോർഡ് നേടിയിട്ടുണ്ടോ?

അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്കുള്ള പ്രതിഫല തുക

825. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര അനുഷ്ഠാന കലകളായ കഥകളി, ഹരികഥ എന്നിവ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് ദക്ഷിണ/ പ്രതിഫലമായി എന്ത് തുകയാണ് ദേവസ്വം ബോർഡിൽ നിന്നും നല്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിരക്ക് എന്നാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഏതൊക്കെ അനുഷ്ഠാന കലകളാണ് ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് നടത്താറുള്ളത് ; ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള പ്രതിഫല നിരക്ക് എത്രയാണ് ;

(ഡി) ആദ്യകാല കലാരൂപങ്ങളായ കഥകളി, ഹരികഥ എന്നിവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി ഇവയ്ക്ക് നൽകുന്ന പ്രതിഫലത്തുക കാലാനുസൃതമായി പരിഷ്കരിക്കുമോ ?

എലത്തൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾ

826. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ എലത്തൂർ നിയോജക മണ്ഡലത്തിലെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ ക്ഷേത്രത്തിനും അനുവദിച്ച തുകയും ക്ഷേത്രങ്ങളുടെ പേരും പ്രവർത്തികളുടെ വിശദവിവരങ്ങളും വെളിപ്പെടുത്താമോ ?

മാടായിക്കാവിൽ ക്ഷേത്രകലാ അക്കാഡമി

827. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാഡമി തുടങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാത്തതും കോഴ്സുകൾ തുടങ്ങാത്തതും

എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ബി) ക്ഷേത്രകലാ അക്കാഡമിക്ക് ഇതുവരെയായി സർക്കാർ എന്തെങ്കിലും ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ?

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

828. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വഴി നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി കുളങ്ങളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഒരു കുളത്തിന്റെ നവീകരണത്തിന് പരമാവധി എത്ര തുക വരെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

തടയണ നിർമ്മിക്കുന്നതിന് അനുവദിച്ച തുക

829. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ കാലയളവിൽ സംസ്ഥാനത്ത് ജല സംരക്ഷണത്തിനായി പുഴയിൽ തടയണ നിർമ്മിക്കുന്നതിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട് ജില്ലയിൽ പുഴയിൽ തടയണ നിർമ്മിക്കുന്നതിന് അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും വെളിപ്പെടുത്താമോ?

കനാൽ അറ്റകുറ്റപ്പണി

830. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതിയിലെ കനാൽ തുറന്നുവിടുന്നതിന് ഈ വർഷം കാലതാമസം നേരിടാനുണ്ടായ കാരണം

വ്യക്തമാക്കാമോ;

(ബി) നടപ്പുവർഷം കനാൽ അറ്റകുറ്റപ്പണികൾക്ക് എത്ര രൂപ ലഭിച്ചെന്നും എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കാമോ;

(സി) കനാൽ വെള്ളം നഷ്ടപ്പെട്ടുപോകാതിരിക്കാനായി വർഷാവർഷം തുക ചെലവഴിക്കുന്നതിനുപകരം കേടായ കനാൽ പാലങ്ങൾ പുതുക്കിപ്പണിയാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## പൈങ്കുളം തടയണ നിർമ്മാണം .

831. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പൈങ്കുളം തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നാണ് ;വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) സാങ്കേതികാനുമതി എപ്പോൾ നൽകുവാൻ കഴിയുമെന്നും സമയബന്ധിതമായി നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും പറയാമോ?

(ഡി) ഇപ്പോൾ ഈ പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലാണ് ;വ്യക്തമാക്കുമോ?

## കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മണ്ണ് പരിവേഷണ പ്രവൃത്തികൾ

832. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി മണ്ണ് പരിവേഷണ വകുപ്പുവഴി കായംകുളം മണ്ഡലത്തിൽ Phase I, Phase II, Phase III ആയി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) ഇതിൽ പൂർത്തീകരിച്ചവ ഏതൊക്കെ, റ്റി.എസ്. ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും ചില കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഏതൊക്കെ കുളങ്ങളാണെന്നും ഒഴിവാക്കാനുണ്ടായ സാഹചര്യം എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## കരിങ്കുഴി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

833. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ കരിങ്കുഴി തോടിന് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സർക്കാറിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ

834. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായേക്കാവുന്ന വരൾച്ചയെക്കുറിച്ചും ജല ദൗർലഭ്യത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) വരൾച്ചാകാലത്ത് ശുദ്ധജലദൗർലഭ്യം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## ചെങ്കിലംപാടം കുളത്തിന്റെ നവീകരണം

835. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ പൂജപ്പുര വാർഡിലെ ചെങ്കിലംപാടം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ ചെറുകിട ജലസേചന വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കും എന്നതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## മുരിക്കുംപാടം, ഞാറക്കൽ ശുദ്ധജലസംഭരണികളുടെ നിർമ്മാണം

836. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണ അനുമതി ലഭ്യമായ മുരിക്കുംപാടം, ഞാറക്കൽ എന്നിവിടങ്ങളിലെ ശുദ്ധജലസംഭരണികളുടെ നിർമ്മാണം ദീർഘനാളുകളായി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) എഗ്രിമെന്റ് പ്രകാരം മേൽ പ്രവൃത്തികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്ന തീയതി എന്നുവരെയെന്ന് വ്യക്തമാക്കാമോ;

(സി) എത്ര തവണകളിലായി എത്ര കാലാവധികൾ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചുവെന്നും എത്ര രൂപ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നൽകിയെന്നും ഇതുവരെ പൂർത്തിയാക്കിയ ജോലിയെന്തെന്നും വ്യക്തമാക്കാമോ?

<u>മുല്ലപ്പെരിയാർ പ്രശ്നം</u>

837. ശ്രീ.എം.എ.ബേബി

,, കെ.കെ.ജയചന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ്

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ 2015 ഫെബ്രുവരി 20 ന് സുപ്രീംകോടതി പ്രസ്താവിച്ച വിധിയുടെ വിശദാംശം അറിയിക്കാമോ ;

(ബി) ഹർജിയിൽ സംസ്ഥാനം ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നു വ്യക്തമാക്കാമോ;

(സി) കേസിൽ തുടർച്ചയായി ഉണ്ടാകുന്ന പ്രതികൂല വിധികളുടെ കാരണം വ്യക്തമാക്കുമോ

(ഡി) മുല്ലപ്പെരിയാർ പ്രശ്നത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കാനായി ഇനി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(എഫ്) രാഷ്ട്രീയ പരിഹാരത്തിനായി സ്വീകരിച്ച നടപടികളും അതിനോട് കേന്ദ്ര സർക്കാരിന്റെയും തമിഴ്നാട് സർക്കാരിന്റെയും പ്രതികരണവും അറിയിക്കാമോ ?

കുളം നവീകരണം -കോങ്ങാട് മണ്ഡലം

838. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളം നവീകരിക്കുന്നതിനായി നിരവധി നിർദ്ദേശങ്ങൾ കോങ്ങാട് മണ്ഡലത്തിൽ നിന്നും നൽകിയിട്ടും ഒരു കുളത്തിന് പോലും തുക അനുവദിക്കുകയോ ഭരണാനുമതി നൽകുകയോ ചെയ്തിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് കോങ്ങാട് മണ്ഡലത്തിലേക്ക് കൂടി പ്രസ്തുത പദ്ധതിയ്ക്ക് തുക അനുവദിക്കുമോ ;

(ബി) ഈ പദ്ധതിയ്ക്കായി ആകെ എത്ര തുക അനുവദിച്ചു ; മണ്ഡലം തിരിച്ചുള്ള കണക്ക് നൽകുമോ ?

കേരള വാട്ടർ അതോറിറ്റി,പിരിഞ്ഞുകിട്ടാനുള്ള തുക

839. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്ര ; സർക്കാർ - അർദ്ധ-സർക്കാർ - പൊതുമേഖല - സ്വകാര്യമേഖല എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത് എത്ര തുകയായിരുന്നു ; വിശദാംശം വ്യക്തമാക്കുമോ ;

റാന്നി - പഴവങ്ങാടി വടശ്ശേരിക്കര കുടിവെള്ള പദ്ധതി

840. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്തുകൾക്കായി വിഭവനം ചെയ്ത റാന്നി - പഴവങ്ങാടി വടശ്ശേരിക്കര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചിത് ; പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; ഇതുവരെ എന്തൊക്കെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; ഇതുവരെ പദ്ധതിക്കായി എത്ര തുക ചെലവഴിച്ചു;

(ബി) കരാർ പ്രകാരം നിർമ്മാണം എന്നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്; അനിശ്ചിതമായി പദ്ധതി നിർമ്മാണം നീണ്ടു പോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആദ്യഘട്ട കമ്മീഷനിംഗ് എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

<u>വേനൽ മഴയുടെ കുറവു മൂലമുള്ള കുടിവെള്ള ക്ഷാമം</u>

841. ഡോ.എൻ. ജയരാജ്
ശ്രീ.പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് വേനൽ മഴയുടെ ലഭ്യതയിൽ ഈ വർഷം കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ: വ്യക്തമാക്കുമോ;

(ബി) വേനൽ മഴയുടെ ലഭ്യതയിലുണ്ടായ കുറവ് കുടിവെള്ളക്ഷാമത്തിന് കാരണമായിട്ടുണ്ടോ:വ്യക്തമാക്കുമോ;

(സി) എങ്കിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന ജില്ലകൾ ഏതെല്ലാമാണെന്നും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>മഴവെള്ള സംഭരണി നിർമ്മാണം</u>

842. ശ്രീ.ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, ജോസഫ് വാഴയ്ക്കൻ
,, കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലും പൊതു സ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനു പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വിശദമാക്കുമോ?

## കൊല്ലം നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

843. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചു എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ചെലവ് എത്രയെന്നറിയിക്കാമോ ;

(സി) ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനുവദിച്ച തുക എത്രയെന്നു അറിയിക്കാമോ?

## റാന്നി നിയോജക മണ്ഡലത്തിലെ വഞ്ചികപ്പാറ കുടിവെള്ള പദ്ധതി

844. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. എ . സി - എ.ഡി .എഫ് പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിൽ കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്തിലെ വഞ്ചികപ്പാറ കേന്ദ്രീകരിച്ച് ഒരു കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് എന്നാണ് എം.എൽ.എ. പ്രൊപ്പോസൽ നൽകിയത്; ഈ പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയത്;

(ബി) പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ജലസേചന പദ്ധതികൾ

845. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജലസേചന വകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് തരംതിരിച്ച് വിശദമാക്കാമോ;

(സി) ഓരോ പദ്ധതിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്ന പദ്ധതി</u>

846. ശ്രീ.വർക്കല കഹാർ

,, വി.റ്റി.ബൽറാം

,, അൻവർ സാദത്ത്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ജലസേചന പദ്ധതികൾ</u>

847. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ബി) അവയിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>അരൂർ മണ്ഡലത്തിലെ ഇറിഗേഷൻ പ്രവർത്തികൾ</u>

848. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കുട്ടനാട് പാക്കേജിലല്ലാതെ മേജർ ഇറിഗേഷൻ വകുപ്പ് അരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; വകയിരുത്തിയ തുക എത്ര വീതം; മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കിയ പ്രവർത്തികൾ ഏതെല്ലാം; എത്ര തുക വീതം; കായൽ ബണ്ട് സംരക്ഷണാർത്ഥം 2014-2015 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

(ബി) മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കിയ പ്രവർത്തികൾ ഏതെല്ലാം; എത്ര തുക വീതം; കായൽ ബണ്ട് സംരക്ഷണാർത്ഥം 2014-2015 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>മുതലമട ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം</u>

849. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ചുള്ളിയാർ ഡാം ജലസ്രോതസ്സാക്കി കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ചുള്ളിയാർ ഡാം ജലസ്രോതസ്സായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ സർവ്വെ നടത്തിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>വൈക്കം നിയോജകമണ്ഡലത്തിലെ കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജോലികൾ</u>

850. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എന്തെല്ലാം ജോലികളാണ് വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഇതിൽ ഏതൊക്കെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) മൈനർ ഇറിഗേഷന്റെയും, മേജർ ഇറിഗേഷന്റെയും ചുമതലയിലുള്ള ജോലികളുടെ കാലാവധിയും കുട്ടനാട് പാക്കേജിന്റെ കാലാവധി നീട്ടിയതിൽ

ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടനാട് പാക്കേജിനു കീഴിൽ ഇനി ഏതെങ്കിലും പദ്ധതി തുടങ്ങുവാനായി അവശേഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

കുണ്ടറ, മീനാട് ശുദ്ധജല പദ്ധതികൾക്ക് ജല സംഭരണം

851. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലടയാറ്റിൽ പുനലൂർ ഭാഗത്തെ ജലനിരപ്പ് ക്രമീകരിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള പേപ്പർ മിൽ തടയണയുടെ അടിക്കല്ലുകൾ ഇളകി ചോർച്ച വർദ്ധിക്കുന്ന സാഹചര്യത്തിൽ ചോർച്ച തടഞ്ഞ് സ്ഥായിയായി ഉയരം കൂട്ടി നിർമ്മിച്ച് ജില്ലയിലെ വിവിധ ശുദ്ധജല പദ്ധതികൾക്ക് (കുണ്ടറ, മീനാട്) ആവശ്യമായ ജലം സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇതിന് ചുമതലപ്പെടുത്തിയുള്ള ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ നഗര കനാലുകളുടെ സംരക്ഷണം

852. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ പല സ്ഥലങ്ങളിലും മൂടപ്പെട്ടും ഇടുങ്ങിയ നിലയിലും കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനാലുകളെ നിലനിർത്തുന്നതിനും നീരൊഴുക്ക് സാധ്യമാക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത കനാലുകളുടെ ആദ്യകാല സ്കെച്ചുകൾ (രേഖാചിത്രങ്ങൾ) ലഭ്യമാക്കുമോ?

പുഴയുടെ തീര സംരക്ഷണ പദ്ധതി

853. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിന് 2011-12-ൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി; എത്ര തുക അനുവദിച്ചു;

(ബി) 2012-13-ൽ എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകി; എത്ര തുക അനുവദിച്ചു;

(സി) 2013-14-ൽ എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകി; എത്ര തുക അനുവദിച്ചു;

(ഡി) 2014-15-ൽ എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകി ; എത്ര തുക അനുവദിച്ചു?

<u>ആലപ്പുഴ കുടിവെള്ള പദ്ധതി</u>

854. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയോടനുബന്ധിച്ച് ഇതുവരെ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച റിപ്പോർട്ട് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്; വ്യക്തമാക്കാമോ?

<u>പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി</u>

855. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന് 28.08.2014 ന് 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) രണ്ടാംഘട്ട വിപുലീകരണത്തിന് ജൈക്കയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികളിലെ വീഴ്ച</u>

856. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ്
ശ്രീ.പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേടുപാടുകൾ സംഭവിച്ച വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ യഥാസമയം മാറ്റുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ഗുരുതരമായ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

## <u>വൻകിട ശുദ്ധജലവിതരണ പദ്ധതികൾ</u>

857. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, കെ.ശിവദാസൻ നായർ
,, എം.എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം ;ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് ആരെല്ലാമാണെന്നു വിശദമാക്കുമോ ;

(ബി) വരൾച്ച പ്രതിരോധിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ വിശദമാക്കുമോ ?

## <u>താനൂർ നിയോജകമണ്ഡലത്തിലൂടെ കനോലി കനാൽ</u>

858. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലൂടെ ഉണ്യാൽ മുതൽ പൂരപ്പുഴ വരെ എത്ര കിലോമീറ്റർ ദൂരത്തിലാണ് കനോലി കനാൽ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ മണ്ണെടുത്ത് ആഴം കൂട്ടി കരകൾ ഭിത്തികെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി എത്ര കിലോമീറ്റർ ദൂരത്തിൽ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിനായി എത്ര തുക വിനിയോഗിച്ചെന്നും ബാക്കി വരുന്ന പ്രവൃത്തികൾക്ക് എത്ര തുക ആവശ്യമായി വരുമെന്നും വിശദമാക്കാമോ;

(ഡി) ചെളി കെട്ടി മാലിന്യം കുന്നുകൂടിയടിഞ്ഞ് കനാലുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ബാക്കി ഭാഗം കൂടി മണ്ണെടുത്ത് കര ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ചീക്കോട് കുടിവെള്ള പദ്ധതി</u>

859. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഫറോക്ക്, കരുവൻതിരുത്തി വില്ലേജുകളെ അതിൽ നിന്നൊഴിവാക്കി ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്ത സാഹചര്യത്തിൽ ഫറോക്ക് പഞ്ചായത്തിന് വെള്ളം നൽകുന്ന നടപടി ത്വരിതപ്പെടുത്തുമോ ; വ്യക്തമാക്കുമോ;

(സി) ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഫറോക്ക്, കരുവൻതിരുത്തി വില്ലേജുകളെ അതിൽ നിന്നൊഴിവാക്കി രാമനാട്ടുകര പഞ്ചായത്തിനെ ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉത്തരവ് ലഭ്യമാക്കുമോ;

(ഡി) ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തി എത്രത്തോളമായി ; എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

<u>കീരമ്പാറ കുടിവെള്ള പദ്ധതി</u>

860. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ കീരമ്പാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ജപ്പാൻ കുടിവെള്ള പദ്ധതി</u>

861. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ നിരന്തരം പൊട്ടി റോഡുകളും വീടുകളും നാശപ്പെടുന്നത് പൈപ്പ് ലൈനുകളുടെ ഗുണനിലവാരം കുറഞ്ഞതിനാലാണെന്നും അതിൽ അഴിമതിയുണ്ടോ എന്ന് പരിശോധിക്കണമെന്നുമുള്ള ആവശ്യങ്ങൾ പരിഗണിച്ച് അന്വേഷണത്തിന് വിജിലൻസിനെ ചുമതലപ്പെടുത്തിയിരുന്നോ ; വിജിലൻസിന്റെ കണ്ടെത്തൽ എന്തായിരുന്നു; ഇതു സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

കായംകുളം മണ്ഡലത്തിലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ

862. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2012, 2013, 2014 വർഷങ്ങളിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്;

(സി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ , പൂർത്തീകരിച്ചവ , പൂർത്തീകരിക്കാനുള്ളവ എന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ പ്രവർത്തനക്ഷമമല്ലാത്ത ജലനിധി പദ്ധതികൾ

863. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച പദ്ധതികൾ പലതും ഇപ്പോൾ പ്രവത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നാദാപുരം നിയോജക മണ്ഡലത്തിൽ പ്രവർത്തന ക്ഷമമല്ലാത്ത എത്ര പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്;

(സി) എങ്കിൽ ഇവ പ്രവർത്തനരഹിതമാവുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രവർത്തനരഹിതമായ ഇത്തരം പദ്ധതികളെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്?

കായംകുളം നിയോജകമണ്ഡലത്തിൽ കുട്ടനാട് പാക്കേജ്

864. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ കുട്ടനാട് പാക്കേജിന്റെ ഭാഗമായി, ഓണാട്ടുകര പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും, ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും, ഓരോ വാട്ടർ ഷെഡിലും ഉൾപ്പെട്ടിട്ടുള്ള പാടശേഖരങ്ങൾ, തോടുകൾ, കനാലുകൾ, ചാലുകൾ ഏതൊക്കെ എന്നും വിശദമാക്കാമോ?

<u>കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ നടപടി</u>

865. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലുടനീളം ഉപയോഗ്യമാക്കിയിട്ടുള്ള നിലവിൽ കാലഹരണപ്പെട്ട ആസ്ബസ്റ്റോസ് സിമെന്റ് (AC PIPE) പൈപ്പുകൾ മിക്കപ്പോഴും പൊട്ടുന്നതു കാരണം കുടിവെള്ള വിതരണം മുടങ്ങുകയും പ്രധാന പാതകളുടെ ടാറിംഗിനും മറ്റും കേടുപാടുകൾ സംഭവിച്ച് ഗതാഗതം സ്തംഭിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി ഡക്ടയിൽ അയൺ (DI PIPE) പൈപ്പുകൾ ഇട്ട് ജലവിതരണം കാര്യക്ഷമമാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(സി) നിലവിൽ പ്രസ്തുത പ്രവർത്തനത്തിനുള്ള കാലവിളംബം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത നവീകരണം പൂർത്തീകരിക്കുന്നതിന് മതിയായ നടപടി സ്വീകരിക്കുമോ?

<u>കാസർഗോഡ് ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം</u>

866. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം പാതിവഴിയിൽ നിർത്തുവാനുള്ള കാരണം എന്താണ്;

(ബി) രണ്ട് മാസത്തിനകം ഇതിന്റെ പണി പൂർത്തിയാക്കിയില്ലെങ്കിൽ ഈ വേനൽകാലത്തും കാസർഗോഡ് നിവാസികൾക്ക് ഉപ്പ് വെള്ളം കുടിക്കേണ്ടി വരുമെന്ന കാര്യം ഗൗരവമായി കാണുമോ; എങ്കിൽ ഇതിനായി എന്ത്

നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ഇതിൻറെ നിർമ്മാണം തുടങ്ങിയത് ഏത് വർഷമാണ്; തുടക്കത്തിൽ ഇതിന്റെ നിർമ്മാണ കരാർ തുക എത്രയായിരുന്നു; എത്ര കരാറുകാർ ഈ പണി ഏറ്റെടുത്ത് പാതിവഴിയിൽ ഉപേക്ഷിച്ചുപോയി; അതു മൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണ്; ഇപ്പോൾ ഇതിൻറെ നിർമ്മാണ കരാർ തുക എത്രയാണ് ; പണി പൂർത്തിയാക്കാൻ കരാറുകാരൻ നൽകിയ കാലപരിധി എത്രയാണ്; പണി എപ്പോൾ പൂർത്തിയാക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇത്തരത്തിൽ അനന്തമായി നീണ്ട മറ്റ് പദ്ധതികൾ ജലവിഭവ വകുപ്പിന് കീഴിൽ ഉണ്ടായിട്ടുണ്ടോ?

## വെള്ളക്കര കുടിശ്ശിക

867. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചതിനുശേഷം കേരള വാട്ടർ അതോറിറ്റിയുടെ വരുമാനത്തിൽ എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായി ; വ്യക്തമാക്കാമോ;

(ബി) വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഉപഭോക്താക്കൾക്ക് കുടിശ്ശിക തുക തവണ വ്യവസ്ഥയിൽ ഒടുക്കുന്നതിന് അവസരം ലഭ്യമാക്കുവാൻ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ

(സി) കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം ; ഇവ പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ?

## കാഞ്ഞിരമല കുടിവെള്ള പദ്ധതി

868. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എയുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് 2014-15 ൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിരുന്ന കാഞ്ഞിരമല കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജലവിഭവ വകുപ്പിനെ നിർവ്വഹണ വകുപ്പായി നിശ്ചയിച്ചിരുന്ന പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി നടപ്പിലാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ?

## ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതി

869. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷനുകൾ എത്ര എണ്ണം ഇതിനോടകം നൽകിക്കഴിഞ്ഞുവെന്ന് പറയാമോ ; അപേക്ഷകരിൽ എല്ലായാളുകൾക്കും കുടിവെള്ള കണക്ഷൻ നൽകാൻ ചേർത്തലയിൽ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ ;

(ബി) ചേർത്തല താലൂക്കിൽ കുടിവെള്ള കണക്ഷന് അപേക്ഷിച്ചിരിക്കുന്ന മുഴുവൻ ആളുകൾക്കും എപ്പോൾ കണക്ഷൻ നൽകാനാവുമെന്ന് പറയാമോ ;

(സി) ജപ്പാൻ കുടിവെള്ള കണക്ഷനുവേണ്ടി നിലവിൽ ചേർത്തലയിൽ അപേക്ഷ സ്വീകരിക്കുന്നുണ്ടോ എന്ന് പറയാമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; കുടിവെള്ള കണക്ഷന് അപേക്ഷ നൽകുമ്പോൾ റോഡ് ക്രോസ്സ് ചെയ്ത് ലൈൻ വലിക്കേണ്ട കേസുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കക്ഷികൾ വാങ്ങിനൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ ; ഇത് പ്രായോഗികമാണോ ; ഇത്തരത്തിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന നിർദ്ദേശങ്ങൾ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ എന്നു പറയാമോ ?

## തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ

870. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ മുടങ്ങിയിട്ടുണ്ടോ ;എങ്കിൽ ഏതെല്ലാം തടയണകളുടെ നിർമ്മാണമാണ് മുടങ്ങിക്കിടക്കുന്നത് ;വ്യക്തമാക്കുമോ ;

(ബി) പൂർത്തിയാക്കിയ പണികൾക്കുള്ള ബിൽ തുക കരാറുകാർക്ക് കൊടുത്തുതീർത്ത് നിർമ്മാണപ്പണികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ടൂറിസം പദ്ധതിക്ക്

871. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ റസ്റ്റ് ഹൗസിനോട് ചേർന്നുള്ള ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ടൂറിസം പദ്ധതിക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഇറിഗേഷൻ വകുപ്പിൽ ഏതെല്ലാം ഫയലുകൾ നിലവിലുണ്ട്; ഇവയുടെ നിലവിലെ സ്ഥിതി എന്താണ്;വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ ?

<u>ഇറിഗേഷൻ പ്രൊജക്ടുകളുടെ സ്ഥലം സൗരോർജ്ജഉത്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിട്ടു കൊടു ക്കൽ</u>

872. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെരിയാർവാലി ഉൾപ്പെടെയുള്ള ഇറിഗേഷൻ പ്രൊജക്ടുകളുടെ സ്ഥലം സൗരോർജ്ജ ഉത്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിട്ടുകൊടുത്തു കൊണ്ട് ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇറിഗേഷൻ പ്രൊജക്ടുകളുടെ സ്ഥലം സോളാർ പാനൽ യൂണിറ്റുകൾക്ക് നൽകുന്നതിനായി സ്ഥലലഭ്യത സംബന്ധിച്ച് 2012 ൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഇറിഗേഷൻ പ്രൊജക്ടുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഏതെങ്കിലും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ;ഈ റിപ്പോർട്ടുകൾ ലഭിച്ചിരുന്നോ;

(സി) എങ്കിൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കത്തിന്റെ പകർപ്പും റിപ്പോർട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ?

<u>കുറ്റ്യാടി ഇറിഗേഷൻ പദ്ധതി</u>

873. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഇരുകരകളിലുമായി എത്ര കിലോമീറ്റർ നീളത്തിലാണ് കനാൽ നിർമ്മിച്ചിട്ടുള്ളത് ;

(ബി) കനാലുകളുടെ വാലറ്റത്ത് നാളിതുവരെയായും വെള്ളം എത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ നിന്ന് സമർപ്പിച്ച മൈനർ ഇറിഗേഷൻ പദ്ധതികൾ

874. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിലേക്കായി കാസർഗോഡ് ജില്ലയിൽ നിന്ന് മൈനർ ഇറിഗേഷൻ വകുപ്പ് എത്ര പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ മേൽ പദ്ധതികൾക്ക് എന്ന് ഭരണാനുമതി നൽകും എന്ന് അറിയിക്കാമോ?

## ഉൾനാടൻ ജലപാതകളുടെ സാധ്യതകൾ

875. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ**

**,, എൻ .എ.നെല്ലിക്കുന്ന്**

**,, വി.എം.ഉമ്മർ മാസ്റ്റർ**

**,, അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലപാതകൾ ഉപയോഗപ്പെടുത്തിയുള്ള ഗതാഗതത്തിനും, ചരക്കുകടത്തിനും, ടൂറിസം വികസനത്തിനും സംസ്ഥാനത്തിന് അനന്തസാധ്യതകളുണ്ടെന്ന കേന്ദ്ര ഷിപ്പിംഗ് ഗതാഗത മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാന ജലപാതകളുടെ സമഗ്രവികസനത്തിന് ലക്ഷ്യമിട്ടുള്ള പദ്ധതി, ഗതാഗത , വിനോദസഞ്ചാര വകുപ്പുകളുമായി ചേർന്ന് തയ്യാറാക്കി കേന്ദ്ര സഹായം നേടിയെടുക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് ഗതാഗതത്തിന് ഉപേയാഗപ്പെടുത്തുന്ന എത്ര കിലോമീറ്റർ ജലപാത നിലവിലുണ്ടെന്നും ഗതാഗതാവശ്യത്തിന് വികസിപ്പിക്കാൻ അനുയോജ്യമായ പാതകൾ എത്ര കിലോമീറ്റർ ലഭ്യമാണെന്നുമുള്ള കണക്ക് വെളിപ്പെടുത്തുമോ ?

## മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

876. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റി , കല്ലട ഇറിഗേഷൻ പ്രോജക്ട്, പമ്പ ഇറിഗേഷൻ പ്രോജക്ട്എന്നിവ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ ആരംഭിക്കുമോയെന്ന് വിശദമാക്കുമോ ;

(ബി) തഴക്കര ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന മെഗാ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇത് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥലമേറ്റെടുപ്പിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>അമ്പലപ്പുഴ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ</u>

877. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ നാളിതുവരെ ജലവിഭവ വകുപ്പ് എന്തൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഓരോ പ്രവൃത്തിക്കും എന്ത് തുകയ്ക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത് ;

(സി) ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

<u>എടവനക്കാട് ശുദ്ധജലവിതരണ പദ്ധതി</u>

878. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ, ഫിഷറീസ് ഫണ്ടുകൾ ഉപയോഗപ്പെടുത്തികൊണ്ട് നിർമ്മാണം നടന്നുവരുന്ന എടവനക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ?

<u>മാവേലിക്കര, കുറത്തിക്കാട് കുടിവെള്ള പദ്ധതി</u>

879. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കുറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ; കുറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടിസ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; നിലവിലെ ഇതിന്റെ തടസ്സം എന്താണെന്ന് വിശദമാക്കുമോ; പദ്ധതി പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ്</u>

880. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രവൃത്തി പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രവൃത്തി എന്ന് പുനരാരംഭിക്കും എന്ന് വിശദമാക്കാമോ?

<u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ</u>

881. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനു ശേഷം നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിക്കും എത്ര തുകയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ പദ്ധതികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

<u>കാഞ്ഞങ്ങാട് ചിത്താരി കടപ്പുറത്ത് കടൽ ഭിത്തി</u>

882. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ചിത്താരി കടപ്പുറത്ത് മൺസൂൺ കാലത്തനുഭവപ്പെടുന്ന രൂക്ഷമായ കടലാക്രമണം തടയുന്നതിന് കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;വ്യക്തമാക്കുമോ ;

(ബി) വീടുകൾക്കടക്കം കടലാക്രമണത്താൽ വ്യാപകനാശനഷ്ടം ഉണ്ടാകുന്ന പ്രദേശമെന്ന പരിഗണന നൽകി കടൽഭിത്തി നിർമ്മാണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിന്റെ കീഴിലുള്ള പ്രവൃത്തികൾ</u>

883. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന സൈഡ് സംരക്ഷണ പ്രവൃത്തി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി എന്ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് സർക്കാർ വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ട് എന്ന് വിശദമാക്കുമോ?

<u>മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട്</u>

884. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ പൊതുകുളങ്ങൾ പുനരുദ്ധരിച്ച് നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2011 മെയ് മാസത്തിനു ശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എത്ര പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കി; ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിന് എത്ര തുക വീതം ഫണ്ട് ലഭ്യമാക്കി ; വ്യക്തമാക്കുമോ?

<u>പൂരക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്</u>

885. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ പഞ്ചായത്തിലെ ഏര്യംപുഴയ്ക്ക് കുറുകെ പൂരക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ ഡിസൈൻ തയ്യാറാക്കി നബാർഡിന്റെ അടുത്ത RIDF സ്കീമിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ ?

<u>കൊട്ടൂർക്കോണം കുളത്തിലേക്ക് മാലിന്യം തുറന്നു വിട്ടവർക്കെതിരെ നടപടി</u>

886. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ കൊട്ടൂർക്കോണം കുളത്തിലേക്ക് ചില സ്വകാര്യ വ്യക്തികൾ കക്കൂസ് മാലിന്യം തുറന്നു വിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;പ്രസ്തുത വ്യക്തികളുടെ പേര്, മേൽവിലാസം എന്നിവ ലഭ്യമാക്കുമോ ?

(ബി) ആയതു നിർത്തലാക്കുന്നതിനുവേണ്ടിയും പ്രസ്തുത ക്രിമിനൽ കുറ്റം ചെയ്യുന്ന വ്യക്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

<u>ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടികൾ</u>

887. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച മഴ ലഭിച്ചിട്ടും സംസ്ഥാനം കടുത്ത വരൾച്ചയെ ഇത്തവണ അഭിമുഖീകരിക്കാൻ സാധ്യതയുണ്ട് എന്ന് സംസ്ഥാന ദുരന്ത നിവാരണ കേന്ദ്രത്തിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സർക്കാർ സ്വീകരിച്ചു ; വിശദാംശം നൽകു മോ ?

(ബി) 2015 ജനുവരി മുതൽ സംസ്ഥാനത്തിന്റെ 65% മേഖലകളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും മലിനജലം ഉപയോഗിക്കേണ്ടിയും വരുമെന്നതിനാൽ ഇതിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും എന്നും ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ നദികളെയും, ജലാശയങ്ങളെയും, കുളങ്ങളെയും നീരുറവകളെയും സംരക്ഷിക്കാൻ സർക്കാർ നടപ്പുവർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇതിനായി നടപ്പുവർഷം എത്ര തുക വകയിരുത്തി ; ഏതെല്ലാം പദ്ധതികൾ വഴി

എത്ര തുക ചെലവാക്കി; എത്ര തുക വകമാറ്റി ചെലവാക്കി ; വിശദാംശം ലഭ്യമാക്കുമോ ?

<u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

888. ശ്രീ.ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ പ്രവർത്തനം</u>

889. ശ്രീ.കെ.രാധാകൃഷ്ണൻ

,, രാജു എബ്രഹാം

,, എസ്.രാജേന്ദ്രൻ

,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഡിസംബറിൽ മുല്ലപ്പെരിയാർ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തിയപ്പോൾ അതിനു മേൽനോട്ടം വഹിക്കേണ്ട സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിരുന്നോ;

(ബി) മേൽനോട്ട സമിതിയുടെ അദ്ധ്യക്ഷന്റെ പ്രവർത്തനം അങ്ങേയറ്റം പക്ഷപാതപരമായിരുന്നെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;വസ്തുതകളുടെ വെളിച്ചത്തിൽ ഇക്കാര്യം സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനായി നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരു മേൽനോട്ട സമിതിയെ നിയമിക്കാനായി സർക്കാർ സ്വീകരിച്ച നിയമനടപടികളും ഭരണപരമായ നടപടികളും

അറിയിക്കാമോ?

<u>മുല്ലപ്പെരിയാർ മേൽനോട്ടസമിതി</u>

890. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ മേൽനോട്ടസമിതി നിയോഗിച്ച ഉപസമിതി അംഗങ്ങൾ ആരൊക്കെയെന്നും ഇവർ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമുള്ളവരാണെന്നും വ്യക്തമാക്കുമോ ;

(ബി) സുപ്രീംകോടതി വിധിയ്ക്കു ശേഷം എത്ര തവണയാണ് പ്രസ്തുത സമിതി അണക്കെട്ടിൽ പരിശോധന നടത്തിയിട്ടുള്ളതെന്നും ഇതിൽ കേരളത്തെ പ്രതിനിധീകരിച്ച് ആരൊക്കെ പങ്കെടുത്തു എന്നും വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാർ ഉപസമിതി പ്രവർത്തനം സംസ്ഥാനത്തിന് തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) അണക്കെട്ട് സന്ദർശനത്തിനെത്തുന്നവർ വനം വകുപ്പ് രജിസ്റ്ററിൽ ഒപ്പിടണമെന്ന നിബന്ധന ഇപ്പോഴുണ്ടോ ; സന്ദർശനത്തിനെത്തുന്നവർ ഇത് പാലിക്കാറുണ്ടോ എന്നും വ്യക്തമാക്കുമോ ?

<u>പൊതുജലാശയങ്ങളുടെ നവീകരണവും സംരക്ഷണവും</u>

891. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പൊതു ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ശിപാർശ ചെയ്യപ്പെട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട് ; ഇവയുടെ പേരുവിവരങ്ങളും എസ്റ്റിമേറ്റ് തുകയും അറിയിക്കാമോ?

<u>മിഷൻ **676-**കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികൾ</u>

892. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, ഹൈബി ഈഡൻ

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം ലഭിക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കുളങ്ങളുടെ **KIIDC** വഴിയുള്ള നവീകരണം

893. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ - KIIDC - ഏറ്റെടുത്തു ശുചീകരണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന/നടത്താൻ ഉദ്ദേശിക്കുന്ന നേമം നിയോജകമണ്ഡലത്തിലെ കുളങ്ങൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതൊക്കെ കുളങ്ങളുടെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് എന്നും ഏതൊക്കെ കുളത്തിന്റെ പ്രവൃത്തികൾ പുരോഗതിയിലാണ് എന്നും വിശദമാക്കുമോ;

(സി) ഇവയിൽ ഓരോ കുളത്തിനും വിനിയോഗിക്കുന്ന തുക എത്രയെന്നും നിർവ്വഹണ ഏജൻസി ഏതെന്നും വിശദമാക്കുമോ?

## കനാൽ റോഡ് നിർമ്മാണത്തിനായി അനുവദിച്ച തുക

894. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13,2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും കനാൽ റോഡ് നിർമ്മാണത്തിനായി ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചു?

## മഞ്ഞാലി തോടിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി

895. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25.4.2011 ൽ 12.35 കോടി രൂപയുടെ ഭരണാനുമതിയും 25.4.2013 ൽ 14 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭിച്ച മഞ്ഞാലി തോടിന്റെ ,ശ്രീ. ഭഗവതി ക്ഷേത്രം മുതൽ മധുരപ്പുറം പാലം വരെയുള്ള രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ, 4 വർഷം പൂർത്തിയാകാറായിട്ടും ആരംഭിക്കാൻ സാധിക്കാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തുവാനും അടിയന്തിരയോഗം വിളിച്ചുചേർക്കുവാനും ആവശ്യപ്പെട്ട് 16.6.2014ൽ സമർപ്പിച്ചിരുന്ന നിവേദനത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ?

## സി.എൽ. ആർ. ജീവനക്കാർക്ക് ഇ. എസ്. ഐ ആനുകൂല്യം

896. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല വകുപ്പിലെ സി. എൽ. ആർ. എസ്.എൽ.ആർ ജീവനക്കാർക്ക് നൽകി വരുന്ന സേവന വേതനങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന്റെ നിലവിലെ സ്ഥിതി .

897. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, എം.ചന്ദ്രൻ

,, വി.ചെന്താമരാക്ഷൻ

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കകോള കമ്പനിയുടെ പ്രവർത്തനഫലമായി ദുരിതം നേരിട്ടവർക്ക് ആശ്വാസവും നഷ്ടപരിഹാരവും നൽകുന്നതിനായി ട്രിബ്യൂണൽ രൂപീകരിക്കാൻ സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ ബില്ലിൽ രാഷ്ട്രപതി വിശദീകരണം ആവശ്യപ്പെടുകയോ, ബില്ലിൽ ഒപ്പു വയ്ക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ബില്ലിന് അംഗീകാരം ലഭിക്കുന്നതിനുണ്ടായ തടസ്സങ്ങൾ എന്തൊക്കെയാണെന്നും, അത് പരിഹരിക്കാനായി സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

## കായംകുളം മണ്ഡലത്തിലെ ഭൂജലവകുപ്പ് പ്രവൃത്തികൾ

898. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഭൂജലവകുപ്പ് 2010-2011, 2011-2012, 2012-2013, 2013-2014 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ?

## കിണറുകൾ റീചാർജ് ചെയ്യുന്നതിനായി പദ്ധതി.

899. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, സി.പി.മുഹമ്മദ്
,, കെ.ശിവദാസൻ നായർ
,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണറുകൾ റീചാർജ് ചെയ്യുന്നതിനായി പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ;ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വിശദമാക്കുമോ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നല്കാമോ ?

## പ്ലാച്ചിമട നിയമം

T 900. ശ്രീ.പി.കെ.ബഷീർ
,, കെ.എം.ഷാജി
,, എം.ഉമ്മർ
,, കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട നിയമത്തിന്റെ നടത്തിപ്പിൽ നിലനില്ക്കുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്ലാച്ചിമട പ്രദേശത്ത് കൊക്കോകോള കമ്പനിയുടെ പ്രവർത്തനം മൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദമായ വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു

സംബന്ധമായ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ നിയമോപദേശം ലഭ്യമായിട്ടുണ്ടോ എങ്കിൽ വിശദമാക്കുമോ ?

<u>മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കനോലി കനാൽ പരിസരത്തെ ജനങ്ങൾക്ക് കുടിവെള്ളം</u>

901. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനോലി കനാലിലെ വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് തകർന്നതുമൂലം ആയിരക്കണക്കിന് കുടുംബങ്ങളുടെ ശുദ്ധജല ലഭ്യത ഇല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സി.എസ്.ഐ.എൻ.ഡി.യുടെ കീഴിൽ വരുന്ന പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് അടുത്ത ആർ.ഐ.ഡി.എഫ്. ഫണ്ടിൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കനോലി കനാൽ പരിസരത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ</u>

902. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വരൾച്ചയെ നേരിടുന്നതിനും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുന്നത് തടയുന്നതിനും കുടിവെള്ള വിതരണത്തിനുള്ള ജലം ശുദ്ധമാണെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കുളങ്ങൾ, കിണറുകൾ തുടങ്ങി ചെറിയ കുടിവെള്ള സ്രോതസ്സുകൾ വരൾച്ചക്ക് മുമ്പ് നവീകരിക്കുന്നതിന് ജില്ലാ തലത്തിൽ പദ്ധതികളാവിഷ്കരിക്കുമോ?

<u>തലയാഴം, വെച്ചൂർ മുതലായ പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ</u>

903. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലയാഴം, വെച്ചൂർ, മറവൻതുരുത്ത്, ചെമ്പ് മുതലായ പഞ്ചായത്തുകളിൽ ജലവിതരണ പൈപ്പുകളും ടാങ്കുകളും സ്ഥാപിക്കുന്ന ജോലി ഏതു ഘട്ടം വരെയെത്തിയെന്നും ജോലിയുടെ എത്ര ശതമാനം ഇതുവരെ പൂർത്തീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പുതിയതായി സ്ഥാപിച്ച പൈപ്പുകളിലൂടെ ജലവിതരണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വരൾച്ചാക്കാലത്ത് അടിയന്തരമായി ജോലികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശിവപുരം - തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിയ്ക്ക് നബാർഡ് ധനസഹായം</u>

904. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശിവപുരം - തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിയ്ക്ക് നബാർഡ് ധനസഹായം ലഭ്യമാക്കുവാനുള്ള നിർദ്ദേശം നബാർഡിന് സമർപ്പിക്കുകയുണ്ടായോ;എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചത്;

(ബി) പ്രസ്തുത നിർദ്ദേശത്തിന് നബാർഡിന്റെ അംഗീകാരം ലഭിക്കുകയുണ്ടായോ എന്നും തുടർ നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

<u>താനൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

905. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി താനൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ശിപാർശ ചെയ്ത കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ശേഷിക്കുന്ന പദ്ധതികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാനാകുമെന്ന വിശദാംശങ്ങൾ നൽകുമോ ?

<u>മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി</u>

906. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്ത മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിലേക്ക് കൂളിമാട് പമ്പിംഗ് സ്റ്റേഷനിൽ നിന്നും കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ വിശദമാക്കാമോ?

<u>കൊട്ടിയം - കുണ്ടറ റോഡ്</u>

907. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടിയം-കുണ്ടറ റോഡിലെ കാലപ്പഴക്കം കൊണ്ട് ദ്രവിച്ച ആസ്ബസ്റ്റോസ് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ;

(ബി) നിരന്തരമായ പൈപ്പുപൊട്ടൽ മൂലം റോഡ് തകരുന്നതും കുടിവെള്ളം മുടങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ ബഹു.മന്ത്രി പൊതുപരിപാടിയിൽവച്ച് നൽകിയ വാഗ്ദാനവും ഉദ്യോഗസ്ഥർക്ക് നൽകിയ നിർദ്ദേശവും സംബന്ധിച്ച തുടർ നടപടികളുടെ തൽസ്ഥിതി ലഭ്യമാക്കുമോ?

<u>പനകുറ്റി മല പ്ലാന്റിൽ നിന്നുള്ള ശുദ്ധജലവിതരണം</u>

908. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നഗരസഭയിൽ ഉൾപ്പെട്ട പനകുറ്റി മലയിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിൽ നിന്നും ശുദ്ധജലം കരവാളൂർ, അഞ്ചൽ, ഇടമുളക്കൽ ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; പുനലൂർ നഗരസഭാ മേഖലയിൽ ടി പ്ലാന്റിൽ നിന്നും ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മണിയാർ പ്രദേശത്ത് ഉള്ള സ്ലഡ്ജ് ലഗൂൺ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>പുനലൂർ നഗരസഭയിൽ പുതിയ കുടിവെള്ളപദ്ധതി</u>

909. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നഗരസഭയിൽ 50 വർഷത്തോളം പഴക്കമുള്ള ശുദ്ധജല പദ്ധതിക്ക്പകരമായി പുതിയ കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ആയതിലേക്കുള്ള ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇത് പ്രകാരമുള്ള അടങ്കൽ തുക വ്യക്തമാക്കുമോ; പുതിയ ശുദ്ധജല പദ്ധതി എന്ന് പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

<u>വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം</u>

910. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ;

(ബി) എവിടെയെല്ലാമാണ് പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നത്;

(സി) എത്ര ദിവസം കൂടുമ്പോഴാണ് കുടിവെള്ളത്തിന്റെ സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുന്നത്;

(ഡി) കുടിവെള്ളം പരിശോധിക്കുന്നതിന് ശാസ്ത്രീയ ലബോറട്ടറി സംവിധാനം ഉപയോഗപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ഇ) ജലത്തിന്റെ ഏതെല്ലാം ഘടകങ്ങളാണ് ഇപ്പോൾ ലബോറട്ടറികളിൽ പരിശോധിച്ചു വരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമം</u>

911. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ല അതിരൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം പാലക്കാട് ജില്ലയ്ക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കുവാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ജില്ലയിലെ കുളങ്ങളും ജല സംഭരണികളും ആശങ്കാജനകമായ വിധത്തിൽ ജല ദൗർലഭ്യം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നബാർഡ് സഹായത്തോടെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പെന്റ് ഫണ്ട്

ഉപയോഗിച്ച് ജില്ലയിലെ കുളങ്ങളും കിണറുകളും അടിയന്തിരമായി സംരക്ഷിക്കുന്നതിനും ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഭരണാനുമതി നൽകുമോ; എത്ര രൂപ ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി സർക്കാർ ജനപ്രതിനിധികളുടെ അടിയന്തിര യോഗം വിളിച്ചു ചേർക്കുമോ; എങ്കിൽ എന്ന്; വിശദാംശം നൽകാമോ?

<u>പേരാമ്പ്ര മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം</u>

912. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലും സമീപത്തുള്ള ചില പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്യുന്ന ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വെള്ളം എടുക്കുന്ന റിസർവോയർ ഉൾപ്പെട്ട ചക്കിട്ട പഞ്ചായത്തിലും പ്രസ്തുത പഞ്ചായത്ത് ഉൾപ്പെട്ട പേരാമ്പ്ര മണ്ഡലത്തിലെ ഒരു പഞ്ചായത്തിലും പദ്ധതിയുടെ കുടിവെള്ളം വിതരണം ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ ഉൾപ്പെടെയുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഭരണിക്കാവ് വെട്ടിക്കോട്ട് പ്രദേശത്തെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി</u>

913. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ വെട്ടിക്കോട്ട് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാനായി വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

<u>ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ ജലവിതരണം</u>

914. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമുഴി റിസർവ്വോയറിലെ അധികജലം വിനിയോഗിച്ച് ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ ഗ്രാമപഞ്ചായത്തുകളിൽ ജലവിതരണത്തിനായി വാട്ടർ

അതോറിറ്റി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇതിനുവേണ്ടി പഞ്ചായത്ത് കേന്ദ്രങ്ങളിൽ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) കെ. ഡബ്ല്യൂ. എ. നിർദ്ദേശിച്ച സ്ഥലത്ത് തന്നെ ഭൂമി ലഭ്യമാക്കണമെന്നതിനാൽ ഇത് സംബന്ധിച്ച അക്വിസിഷൻ നടപടികൾ ലളിതമാക്കാൻ നിർദ്ദേശങ്ങൾ നൽകുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥലം വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് കെ. എൽ. ജി. എസ്.ഡി. പി. പോലുള്ള പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

കൊയിലാണ്ടി നഗരസഭാ കേന്ദ്രീകൃത കുടിവെള്ള പദ്ധതി

915. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ കേന്ദ്രീകൃത കുടിവെള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ച് വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ച പദ്ധതി കേരള വാട്ടർ അതോറിറ്റി. എം.ഡി. തലത്തിൽ പരിശോധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) നഗരസഭയിൽ ഒരു കേന്ദ്രീകൃത ശുദ്ധജല വിതരണ പദ്ധതി ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശുദ്ധജല വിതരണത്തിനായി സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

സമഗ്രകുടിവെള്ള പദ്ധതി -താനൂർ നിയോജകമണ്ഡലം

916. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിൽ സമഗ്രകുടിവെള്ള പദ്ധതി നടപ്പാക്കുമെന്ന് ധനകാര്യമന്ത്രി കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി ഈ സാമ്പത്തിക വർഷം അഞ്ച് കോടി രൂപ വിനിയോഗിക്കും എന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തൊക്കെ തുടർനടപടികളാണ് ഇത് സംബന്ധമായി ജലവിഭവ വകുപ്പിന്റെ

ഭാഗത്തു നിന്നുണ്ടായതെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതിക്കായി ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 2 ഏക്കറോളം ഭൂമി ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടുനൽകിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) പദ്ധതി എന്നത്തേയ്ക്ക് തുടക്കം കുറിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഗുണനിലവാരമുള്ള കുടിവെള്ളം

917. ശ്രീ.പി.എ.മാധവൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താനും അതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതു ആരെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വേമ്പനാട് കായൽ

918. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട് കായലിനെക്കുറിച്ച് പരിസ്ഥിതി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കായൽ കൈയ്യേറ്റം, മലിനീകരണം എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തസ്തികമാറ്റം വഴി കിട്ടേണ്ട വർക്ക്ഷോപ്പ് അറ്റൻഡർ നിയമനം

919. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ഐ.റ്റി.ഐ.യിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നികത്തപ്പെടേണ്ട വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലേക്ക് 2010 ന് ശേഷം നിയമനം നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ ഐ.ടി.ഐ.യിൽ ജോലി ചെയ്തുവരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നിയമാനുസൃതം തസ്തിക മാറ്റം മുഖേന ലഭിയ്ക്കേണ്ട വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ക്ഷേമനിധി ബോർഡുകൾക്ക് അനുവദിച്ച തുക

920. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട് ; ഓരോന്നിലും എത്ര തൊഴിലാളികൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്കും ബഡ്ജറ്റ് വിഹിതമായി 2013-14 വർഷത്തിലും 2014-15 വർഷത്തിലും അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ ;

(സി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നും വിവിധ ആനുകൂല്യങ്ങൾക്കായി എത്ര തുകയാണ് 2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ചിട്ടുള്ളത് ; കണക്ക് പ്രത്യേകമായി പ്രസിദ്ധീകരിക്കാമോ;

(ഡി) ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിരിക്കുന്ന ക്ഷേമനിധി ബോർഡ് ഏത് ; എത്ര അംഗങ്ങൾ ; വിശദാംശം നൽകാമോ ; പ്രസ്തുത ബോർഡ് 2013-14, 2014-15 വർഷങ്ങളിൽ എത്ര തുകയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

## ഐ.ടി കമ്പനികളിലെ തൊഴിൽ സാഹചര്യങ്ങൾ

921. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി കമ്പനികളിലെയും വ്യവസായ പാർക്കുകളിലേയും തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുമ്പോൾ തൊഴിൽ സാഹചര്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിഷ്കർഷിയ്ക്കാറുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഐ.ടി.ഐ പരീക്ഷാകേന്ദ്രം മാറ്റാൻ നടപടി

922. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ. യിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നടത്തുന്ന പരീക്ഷകൾ സാധാരണയായി എവിടെയെല്ലാം വച്ചാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പ്രസ്തുത പരീക്ഷാകേന്ദ്രം തിരുവനന്തപുരമായി തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇത് വടക്കൻ ജില്ലകളിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരീക്ഷാകേന്ദ്രം അതാത് ഐ.ടി.ഐ. കളിലോ ജില്ലകളിലെ ഏതെങ്കിലും ഐ.ടി.ഐ. കളിലോ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ

923. ശ്രീ.പാലോട് രവി
,, വി.പി.സജീന്ദ്രൻ
,, എം.എ. വാഹീദ്
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ;

(ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദീകരിക്കാമോ ?

പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിനുള്ള പദ്ധതികൾ

924. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം വ്യക്തമാക്കാമോ?

<u>കേരളാ കൺസ്ട്രക്ഷൻ അക്കാഡമി</u>

925. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ ആരംഭിക്കുവാൻ നടപടി തുടങ്ങിയ കേരളാ കൺസ്ട്രക്ഷൻ അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾഏതു ഘട്ടത്തിലാണ് ;

(ബി) നിർമ്മാണത്തിന് പ്രാരംഭനടപടികൾ ആരംഭിച്ച് നാല് വർഷം പിന്നിട്ടിട്ടും ഈ സ്ഥാപനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ്;

(സി) തുടക്കത്തിൽ വിഭാവനം ചെയ്തതിന് വ്യത്യസ്തമായി ഏതെങ്കിലും സ്ഥാപനങ്ങൾ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ;

(ഡി) സ്ഥാപനത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നതിനുള്ള പൊതുജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയും പെട്ടെന്ന് പ്രസ്തുത സ്ഥാപനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>മിനിമം വേതനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

926. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേതനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം മേഖലയിലാണ് ഈ സർക്കാർ വന്നതിനു ശേഷം മിനിമം വേതനം നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇ.പി.എഫ്. ആനുകൂല്യം നൽകാതിരിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ പല കമ്പനികളും ജീവനക്കാരെ ട്രെയിനിയായി മാറ്റുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ചൂഷണം തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>കുണ്ടറ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം</u>

927. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുണ്ടറ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി പുതുതായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ചുമട്ടു തൊഴിലാളികളുടെ കയറ്റിറക്ക് കൂലി</u>

928. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ട് തൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനുള്ള നടപടികൾ ആരാണ് സ്വീകരിക്കുന്നത് ; വിശദമാക്കുമോ?

<u>ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കാൻ നടപടി</u>

929. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടി രൂപീകരിച്ച കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി 2010 ന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നല്കുമോ;

(ബി) ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസം ഉണ്ടായതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ റിപ്പോർട്ടിന് അംഗീകാരം നല്കിയിട്ടുണ്ടോ;

(ഡി) ഉപഭോക്തൃ വില സൂചിക പുതുക്കി നിശ്ചയിക്കുന്നത് വൈകുന്നത് മൂലം

തൊഴിലാളികൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കമോ;

(ഇ) ഉപഭോക്തൃ വില സൂചിക എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ;

(എഫ്) കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

<u>നഴ്സിംഗ് നൈപുണ്യവികസന കേന്ദ്രം</u>

930. ശ്രീ.പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, എ.പി.അബ്ദുള്ളക്കുട്ടി

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സിംഗ് നൈപുണ്യവികസന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം ;ഇതിൻറെ നോഡൽ ഏജൻസി ആരാണ്;

(സി) ഈ കേന്ദ്രത്തിൻറെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്നു വ്യക്തമാക്കുമോ ?

<u>സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളി വിരുദ്ധ നടപടികൾ</u>

931. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക്

,, പി.കെ.ബഷീർ

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യതൊഴിൽ മേഖലയിൽ തൊഴിൽ വകുപ്പ നടത്തുന്ന പരിശോധനകളിൽ കണ്ടുവരുന്ന പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് തുടർച്ചയായ ജോലി സമയങ്ങൾക്കിടെ ഇരുന്നു വിശ്രമിക്കാനുള്ള സൗകര്യം നിഷേ ധിക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ അൺ എയിഡഡ് സ്കൂളുകളിൽ നടക്കുന്ന തൊഴിൽ നിയമ ലംഘനങ്ങൾക്കും തൊഴിലാളി വിരുദ്ധ നടപടികൾക്കുമെതിരെ തൊഴിൽ വകുപ്പ് കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ.

932. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ, സംസ്ഥാനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ ?

കാസർകോട് ജില്ലാ ക്ഷേമനിധി ഓഫീസുകളിലെ ഒഴിവുകൾ

933. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ഒഴിവുകളുണ്ടെന്ന് ഓഫീസും തസ്തികയും തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) കാസർകോട് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ദിവസവേതനക്കാരായ തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ ?

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കൾക്ക് ലാപ് ടോപ്

934. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കളായ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ ഈ ഇനത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും ഇതിൽ എത്ര പേർക്ക് ലാപ് ടോപ് നൽകിയെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

പോസ്റ്റൽ വകുപ്പിലെ ഇ.ഡി ഒഴിവുകളിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം

935. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലായിമെന്റ് എക്സ് ചേഞ്ചുകളിൽ നിന്നും നാമനിർദ്ദേശം ചെയ്ത ഉദ്യോഗാർത്ഥികളിൽ നിന്നും അരെയെങ്കിലും പോസ്റ്റൽ വകുപ്പിലെ ഇ.ഡി ഒഴിവുകളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇപ്രകാരമുള്ള നിയമനങ്ങളിൽ എംപ്ലായ്മെന്റ് എക്സ് ചേഞ്ചിൽ നിന്നും നാമനിർദ്ദേശം ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമനം കിട്ടാത്തത് എന്ന് പരിശോധിച്ചിട്ടുണ്ടോ;ഈ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>അന്യസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാൻ സംവിധാനം</u>

936. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം കേരളത്തിലെ തൊഴിൽ, സാംസ്കാരിക, ക്രമസമാധാന രംഗങ്ങളിൽ ഉണ്ടാക്കുന്ന സ്വാധീനത്തെ കുറിച്ച് തൊഴിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇവരിൽചിലരെങ്കിലും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുവെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതോ , താമസ സ്ഥലങ്ങളിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുന്ന കാര്യമോ ആലോചിക്കുമോ?

<u>പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്</u>

937. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച നിലപാട് വിശദമാക്കാമോ;

(ബി) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ഇ.എസ്.ഐ. കോർപ്പറേഷന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇ.എസ്.ഐ. കോർപ്പറേഷന്റെ വ്യവസ്ഥകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>നോക്കുകൂലി വിമുക്ത കേരളം</u>

938. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**

**,,** എം.എ. വാഹീദ്

,, സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്തജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജില്ലകളിൽ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) അവശേഷിക്കുന്ന ജില്ലകളെ കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

## രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ രഹിതർ

939. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ രഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രതിവർഷം തൊഴിൽരഹിത വേതനം നൽകുന്നതിനുവേണ്ടി ചെലവഴിക്കുന്ന ആകെത്തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

## അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

940. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനതൊഴിലാളികൾക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ എത്ര ശതമാനം തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) രജിസ്ട്രേഷൻ സംബന്ധിച്ച് ഇവർക്ക്ആവശ്യമായ നിർദ്ദേശം/ബോധവല്കരണം നൽകുന്നതിന് നടപടിസ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## തൊഴിലാളികളുടെ സുരക്ഷ

941. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ;വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരുടെ സുരക്ഷയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ കർശനമായി പരിപാലിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി കൾ എന്തെല്ലാം?

<u>ഉടുമ്പൻചോല താലൂക്കിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ്</u>

942. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉടുമ്പൻചോല ജോയിന്റ് ആർ. ടി. ഓഫീസിനു കീഴിൽ വരുന്ന വാഹന ഉടമകൾ തൊഴിലാളി ക്ഷേമനിധി അടയ്ക്കാൻ നൂറു കിലോമീറ്ററോളം സഞ്ചരിച്ച് പീരുമേട്ടിൽ ചെല്ലേണ്ട സാഹചര്യം പരിഗണിച്ച് നെടുംകണ്ടത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ</u>

943. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

**,,** സി.കെ സദാശിവൻ

**,,** ജെയിംസ് മാത്യു

**,,** കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാനായി നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ് എന്നും ഇതിന്റെ ഫലമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ ;

(ബി) ഒരു ലക്ഷം പേർക്ക് തൊഴിലവസരം സൃഷ്ടിക്കാനായുള്ള അഞ്ഞൂറ് കോടിയുടെ തൊഴിൽദാന പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ എന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതിയുടെ ഫലമായി എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെന്നും അതിനായി എന്ത് തുക ചെലവഴിച്ചെന്നും അറിയിക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം അംഗപരിമിതരെ സ്ഥിരപ്പെടുത്തൽ

944. ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക ജോലി ചെയ്തിരുന്ന അംഗപരിമിതരെ അവസാനമായി സ്ഥിരപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥിരനിയമനത്തിനു അർഹരായ അംഗപരിമിതരെ നിയമിക്കുന്നതിന് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ എത്രപേരാണ്;

(സി) യഥാസമയം അപേക്ഷ നൽകാൻ കഴിയാതിരുന്നതുമൂലം ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുടെ വിവരങ്ങൾ ലഭ്യമാണോ;വിശദാംശങ്ങൾ നൽകുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം

945. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര; വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിന് കാത്ത് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുണ്ടായിരിക്കെ തൊഴിൽ വകുപ്പ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങൾ പാലിയ്ക്കാതെ നേരിട്ട് നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

തൊഴിലില്ലായ്മവേതനം

946. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മവേതനം ഏത് കാലയളവുവരെ നല്കിയിട്ടുണ്ട് എന്ന് വിശദാമാക്കുമോ ;

(ബി) കുടിശ്ശിക എന്ന് നൽകാനാകും എന്ന് വ്യക്തമാക്കുമോ ?

<u>തൊഴിൽവകുപ്പിൽ **2014-15** സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം,</u>

947. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽവകുപ്പിൽ 2014-15 സാമ്പത്തിക വർഷം ഓരോന്നിനും അനുവദിച്ച ബഡ്ജറ്റ് വിഹിതം, ചെലവഴിച്ച തുക, ചെലവഴിക്കാനുള്ള തുക, ചെലവഴിച്ച ശതമാനം എന്നീ ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിച്ച ശതമാനം എന്നീ ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ?

<u>വൈഗാ ത്രഡ്സ് പ്രോസസേഴ്സ് **(P)** ലിമിറ്റഡിലെ തൊഴിൽ പ്രശ്നങ്ങൾ</u>

948. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗാ ത്രഡ്സ് പ്രോസസേഴ്സ്(P) ലിമിറ്റഡിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് കോമ്പൻസേഷൻ നൽകുന്നതിനും ഉള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ ;

(സി) മുഖ്യമന്ത്രിയുടെയും വ്യവസായ ,തൊഴിൽ ,റവന്യൂ വകുപ്പ മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ വിവിധ ചർച്ചകളുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>ഐ.ടി.ഐ. കോഴ്സുകൾ</u>

949. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെൻറ് ഐ.ടി.ഐ.യിൽ നിന്നും നിർത്തലാക്കിയ കോഴ്സുകൾക്ക് പകരം ഏതെല്ലാം പുതിയ കോഴ്സുകൾ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ കോഴ്സുകൾ എന്നുമുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

## ഐ.ടി.ഐ.കൾ

950. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളുടെ നവീകരണത്തിനായി 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു; എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി എന്നിവ സംബന്ധിച്ച വിശദീകരണം നൽകാമോ;

(ബി) പുതിയ ഐ.ടി.ഐ.കൾ തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് പുതുതായി ഐ.ടി.ഐ.കൾ തുടങ്ങുന്നതിന്റെ പരിഗണനാ പട്ടിക പ്രസിദ്ധീകരിക്കാമോ;

(ഡി) ഒറ്റപ്പാലത്തെ കരിമ്പുഴയിലെ നിർദ്ദിഷ്ട ഐ.ടി.ഐ.യിൽ ഏതെല്ലാം ട്രേഡുകൾ ആണ് അനുവദിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് ക്ലാസ് തുടങ്ങുവാൻ കഴിയും എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.ക്ക് ഭൂമി

951. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.ക്ക് ഭൂമി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

## ഐ.ടി.ഐ. കളിലെ വെർച്വൽ ക്ലാസ്സ് റൂം

952. ശ്രീ.പാലോട് രവി

,, വി.ഡി.സതീശൻ

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വെർച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(സി) വെർച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്;വിശദമാക്കുമോ ?

<u>ഐ.ടി.ഐ. യ്ക്ക് ഗ്രാമപഞ്ചായത്ത് നൽകിയ സ്ഥലം</u>

953. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ. യ്ക്ക് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ 50 സെന്റ് സ്ഥലം തൊഴിൽ വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും വിശദമാക്കുമോ;

(ഡി) സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തി പ്രവൃത്തി നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ജോബ് ഫെസ്റ്റ്</u>

954. ശ്രീ.എ.എ.അസീസ്

**,,** കോവൂർ കുഞ്ഞുമോൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സര്ക്കാര് അധികാരമേറ്റ ശേഷം തൊഴിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ജോബ് ഫെസ്റ്റുകളാണ് നടത്തിയതെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണ് നടത്തിയതെന്നും വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്ര ഉദ്യോഗാർത്ഥികൾ വീതം പങ്കെടുത്തു ;

(സി) എത്ര പേർക്ക് നിയമനം നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

<u>താനൂർ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്കുള്ള കെട്ടിടനിർമ്മാണം</u>

955. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എത്ര ഭൂമിയാണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രവൃത്തിക്കു എന്നത്തേയ്ക്ക് തുടക്കം കുറിക്കാനാകുമെന്ന് വിശദമാക്കാമോ ?

## സ്കിൽ ഡെവലപ്മെന്റ് പദ്ധതി

956. ശ്രീ.കെ.ശിവദാസൻ നായർ

,, ഷാഫി പറമ്പിൽ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ:

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാനും സമയബന്ധിതമായി നടപ്പാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ

957. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ ഒന്നാം നിര ഐ.ടി.ഐ. ആയി അപ് ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സർക്കാർ കൈകൊണ്ട നടപടികൾ വിശദമാക്കാമോ?

## എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർ

958. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഡിസംബർ 31 വരെ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; സ്ത്രീകളുടെയും പുരുഷന്മാരുടെയും കണക്ക്

ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ജോലി നല്കിയിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ;

(സി) പൊതുവായ ജീവിതച്ചെലവിന്റെ തോതും മറ്റ് ഘടകങ്ങളും കണക്കിലെടുത്ത് തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## ഇ.എസ്.ഐ ഡിസ്പെൻസറി

959. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ ഒരു ഇ.എസ്.ഐ ഡിസ്പെൻസറി സ്ഥാപിക്കുന്നത് സംബന്ധിച്ച് 2010 മുതലുള്ള നിർദ്ദേശത്തിന്മേൽ ധനകാര്യവകുപ്പ് അനുകൂല തീരുമാനമെടുക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊണ്ടോട്ടിയടക്കം അഞ്ച് സ്ഥലങ്ങളിൽ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള അനുമതി ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയതിനാലും, ഇതിന്റെ ഫണ്ട് ഭൂരിഭാഗവും കേന്ദ്രഫണ്ട് ആയതിനാലും ധനകാര്യവകുപ്പിനെ വസ്തുത ബോധ്യപ്പെടുത്തി അനുമതി നേടുന്നതിന് നടപടി സ്വീകരിക്കുമോ?

## ആർ. എസ്സ്. ബി . വൈ പദ്ധതി

960. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എസ്സ്. ബി . വൈ പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളാണ് ഉൾപ്പെട്ടിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര തുകയുടെ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമായി;

(സി) ഒറ്റപ്പാലം താലൂക്കാശുപത്രി ഉൾപ്പെടെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിൽ ആർ. എസ്സ്. ബി . വൈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;വിശദാംശം ലഭ്യമാക്കാമോ?

## വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്ന മലയാളികൾക്ക് സമഗ്ര ആരോഗ്യ

## ഇൻഷ്വറൻസ് പദ്ധതി

961. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്ന മലയാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് മന്ത്രിതലത്തിൽ ചർച്ചകൾ നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസി മലയാളികളേയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## പട്ടികജാതി പിന്നോക്ക സമുദായ രോഗികൾക്കുള്ള സാമ്പത്തിക സഹായം.

962. ശ്രീ.കോവൂർ കുഞ്ഞുമോൻ
,, എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ നിന്നും രോഗികൾക്ക് നൽകുന്ന സാമ്പത്തിക സഹായം എത്രയാണ്;

(ബി) ഇതിനായുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃക ലഭ്യമാക്കാമോ?

## ഭവനരഹിതർക്ക് വീട് നൽകുന്ന പദ്ധതി

963. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരാൾക്ക് എത്ര തുകയാണ് ധനസഹായമായി നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എന്ത് തുകയാണ് നൽകിയിരുന്നതെന്ന്

വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ നല്കുന്ന തുക ഗൃഹനിർമ്മാണത്തിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ എന്ത് വർദ്ധനവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് ?

## വിവിധ വികസന പരിപാടികൾക്കായി നീക്കിവച്ചതും ചെലവഴിച്ചതുമായ തുക

964. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബജറ്റിൽ പട്ടികജാതി വികസന വകുപ്പിൽ വിവിധ വികസന പരിപാടികൾക്കായി നീക്കിവച്ച തുക പദ്ധതി അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) 2014-15 ലെ ബജറ്റിൽ ഓരോ പദ്ധതികൾക്കായും നീക്കിവച്ച തുകയിൽ 31.01.2015 വരെ ചെലവഴിച്ച തുകയെത്രയെന്ന് പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂളപ്പറമ്പ് കോളനിയിലെ വികസന പ്രവർത്തനങ്ങൾ

965. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊട്ടുവായൂർ പഞ്ചായത്തിലെ പൂളപ്പറമ്പ് കോളനിയിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; നാളിതുവരെ അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകുമോ ;

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

## വായ്പ എഴുതിതള്ളൽ പദ്ധതികൾ

966. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവികസന വകുപ്പ് പ്രഖ്യാപിച്ച വാത്സല്യനിധി, വിദ്യാജ്യോതി, സ്മൃതിവനം വായ്പ എഴുതിതള്ളൽ എന്നീ പദ്ധതികൾ പ്രകാരം ഓരോ ഇനത്തിലും ലഭിച്ച അപേക്ഷകൾ ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) ഇതിൽ സ്വീകരിച്ച നടപടികളും തീർപ്പാക്കിയ അപേക്ഷകളുടെയും വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## മുവാരി, മുഖാരി സമുദായം

T 967. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയ മുവാരി, മുഖാരി സമുദായം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിഭാഗത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ റിപ്പോർട്ടിന്റെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ?

## സ്കൂൾ കലോൽസവത്തിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

968. **ശ്രീ.വി.പി.സജീന്ദ്രൻ**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, ജോസഫ് വാഴയ്ക്കൻ**
**,, സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്ന് മുതലാണ് ഈ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി; വിശദമാക്കുമോ;

(ഡി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ?

ശ്രീമതി. ഓമനയുടെ അപേക്ഷ

969. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി. ഓമന, തടത്തിൽ, വയനാട് എന്ന വ്യക്തിയുടെ പട്ടിക സമുദായചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചത് എന്നാണ്;

(ബി) ഇതിന്മേൽ അനുവദിച്ച തുകയും ജി.ഒ നമ്പരും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക നാളിതുവരെയും ശ്രീമതി. ഓമനയ്ക്ക് ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തുക ടിയാൾക്ക് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത തുക എന്നേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

ചികിത്സാ ധനസഹായം- പട്ടികജാതി വിഭാഗക്കാർക്ക്

970. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ച് വിതരണം ചെയ്യുമ്പോൾ പഞ്ചായത്ത്, താലൂക്ക് ഓഫീസുകൾ മുഖേന മറ്റു ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം കൂടി സമർപ്പിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ആവശ്യപ്പെടുന്ന സാക്ഷ്യപത്രങ്ങൾ യഥാസമയം മറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കാത്ത സാഹചര്യത്തിൽ, അനുവദിക്കപ്പെട്ട ചികിത്സാ ധനസഹായം തടഞ്ഞ് വയ്ക്കുന്ന സാഹചര്യം പരിശോധിച്ച് പ്രസ്തുത നടപടി ഒഴിവാക്കുമോ;

(സി) അനുവദിക്കപ്പെട്ട ചികിത്സാ ധനസഹായം കാലതാമസം കൂടാതെ നൽകുന്നതിന്

എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>കൊടക്കാട് എം.ആർ.എസ് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ്</u>

971. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടും കൊടക്കാട് എം.ആർ.എസ് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നടപ്പ് വർഷം കോഴ്സ് അനുവദിക്കാൻ വകുപ്പ് തലത്തിൽ ശുപാർശ നൽകുമോ?

<u>പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ് സ്വീകരിച്ച നടപടി</u>

972. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ, മറ്റു ഹോസ്റ്റലുകളിൽ താമസിക്കുമ്പോൾ നൽകേണ്ട ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

<u>പട്ടികജാതി വിഭാഗ അനാഥ കുട്ടികളുടെ സംരക്ഷണം</u>

973. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനാഥ കുട്ടികളെ സംരക്ഷിക്കാൻ പട്ടികജാതി വകുപ്പിന് പ്രത്യേക പദ്ധതി ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇത്തരം ഒരു പദ്ധതി ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) അനാഥ കുട്ടികളുടെ ജീവിതം, വിദ്യാഭ്യാസം , സുരക്ഷ, ഭാവി എന്നിവയെ സംബന്ധിച്ച് ആവശ്യമുയർത്താൻ നിലവിൽ വകുപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം പ്രശ്നങ്ങളിൽ നടപടി ആവശ്യപ്പെട്ട് വകുപ്പിന് കീഴിലെ ഓഫീസുകളിൽ

നിന്ന് റിപ്പോർട്ടുകളോ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുള്ള കത്തുകളോ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി

974\. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം ഫണ്ട് ലഭിക്കാത്തതിനാൽ പട്ടികജാതി വികസന വകുപ്പിന്, ജില്ലാതല പരിശീലന പരിപാടികളും പദ്ധതികളും നടത്താൻ സാധിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രത്യേക കേന്ദ്ര സഹായപദ്ധതി പ്രകാരമുള്ള തുക ട്രഷറിയിൽ കിടക്കുമ്പോൾ, ആയത് യഥാസമയം ലഭ്യമാക്കാൻ കഴിയാതിരുന്ന സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ ;

(സി) പരിശീലന പരിപാടികൾക്ക് പ്രത്യേക കേന്ദ്ര സഹായ പദ്ധതിപ്രകാരം 2014-15-ൽ ലഭിച്ച തുക എത്രയായിരുന്നു ; അതിൽ ഇതിനകം ചെലവഴിച്ചിട്ടുള്ളതെത്ര എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന ഓഫീസർമാരുടെ ഒഴിവുകൾ

975\. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ബ്ലോക്കുകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്;പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) പട്ടികജാതി വികസന ഓഫീസർക്ക് കീഴിൽ ക്ലാർക്ക്, പ്യൂൺ തസ്തികകൾ എത്ര ബ്ലോക്കുകളിൽ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകൾ ഇല്ലാത്ത ബ്ലോക്കുകളിൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ?

പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക

976\. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 2014-15 വർഷത്തിൽ സംസ്ഥാനത്ത് പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ഇന്നേവരെ അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ;

(സി) ഈ ഇനത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയും ഇതേവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പട്ടികജാതി വികസന പദ്ധതികളിൽ ഏതെങ്കിലും വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>പട്ടികജാതി വകുപ്പ് മന്ത്രിയുടെ ചികിത്സാ സഹായ നിധി</u>

977. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് മന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ട്; ഈ തുക ചെലവാക്കിയ വിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

<u>പട്ടികജാതി കോളനികളിലെ നിർമ്മാണ പ്രവർത്തന കാലതാമസം</u>

978. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികൾ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ചിരുന്ന വളപ്പ് പുലയാസ് കോളനി, ഞാറക്കൽ സീഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>പട്ടികജാതി ക്ഷേമത്തിന് അനുവദിച്ച പദ്ധതി വിഹിതം</u>

979. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിന് അനുവദിച്ചിരുന്ന പദ്ധതി വിഹിതം എത്രയായിരുന്നുവെന്നും ഇതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തുകളിൽ പട്ടികജാതി ക്ഷേമത്തിന് നീക്കിവച്ചിരിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ടോയെന്ന് വിലയിരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ഈ തുക പൂർണ്ണമായും ചെലവഴിക്കുവാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(സി)

<u>മാവേലിക്കര മണ്ഡലത്തിൽ വിജ്ഞാനവാടികൾ</u>

980. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വിജ്ഞാനവാടികൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പൂർത്തീകരിക്കപ്പെട്ട വിജ്ഞാനവാടികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) വിജ്ഞാനവാടികൾ ആരംഭിക്കാൻ കഴിയാത്ത പഞ്ചായത്തുകളുടെയും അതിനുള്ള കാരണത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വിജ്ഞാനവാടികളുടെ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) പൂർത്തികരിച്ച വിജ്ഞാനവാടികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക</u>

981. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനായി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും വകുപ്പുതിരിച്ച് വ്യക്തമാക്കുമോ

(ബി) പട്ടികജാതി വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും ഇതുവരെ ചെലവഴിച്ച തുകയും പദ്ധതികളുടെ വിശദാംശങ്ങൾ അടക്കം വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും പദ്ധതികളുടെ വിശദാംശങ്ങൾ അടക്കം വ്യക്തമാക്കുമോ ?

## പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക

982. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമത്തിനായി 2013-14 ബജറ്റിൽ ഓരോ ഹെഡിലും വകയിരുത്തിയ തുകയും ചെലവായ തുകയും പ്ലാൻ/നോൺ പ്ലാൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ചെലവിൽ ഡെപ്പോസിറ്റായി മാറ്റിയ തുകയിൽ ഇനിയും ചെലവഴിക്കാത്തത് എത്ര; ഏതെല്ലാം ഏജൻസികളിലാണ് ഈ തുക അവശേഷിക്കുന്നതെന്ന് അറിയിക്കുമോ?

## പട്ടികജാതി കുടുംബങ്ങൾക്ക് വീട്

983. **ശ്രീ.കെ.രാധാകൃഷ്ണൻ**

**,,** കെ. ദാസൻ

**,,** പുരുഷൻ കടലുണ്ടി

**,,** ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ച വീടുകളിൽ വലിയൊരുഭാഗത്തിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സർക്കാർ ഫണ്ട് ലഭ്യമാകാത്തതിനാൽ വീടു നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ സഹായിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

## പട്ടികജാതി പ്രൊമോട്ടർമാർ

984. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആകെ എത്ര പട്ടികജാതി പ്രൊമോട്ടർമാർ പ്രവർത്തിക്കുന്നുവെന്നും അവർക്ക് നൽകിവരുന്ന അലവൻസ് എത്രയാണെന്നും പറയാമോ ;

(ബി) ഈ വർഷം ഇവരെ പിരിച്ചുവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങളെന്താണെന്ന് പറയാമോ ;

(ഡി) പട്ടികജാതി വികസന പ്രവർത്തനങ്ങളിൽ പ്രൊമോട്ടർമാരുടെ സേവനം പൂർണ്ണമായും നിലനിർത്തുവാനും അവർക്ക് നൽകിവരുന്ന അലവൻസ് വർധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കുമോ ?

<u>പട്ടികജാതി വിഭാഗക്കാർക്കായി പുതിയ ഭവന പദ്ധതി</u>

985. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർക്കായി പുതിയ ഭവന പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുടുംബങ്ങൾക്ക് വീട് നൽകി; വിശദവിവരം നൽകുമോ ?

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി</u>

986. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, വി.റ്റി.ബൽറാം
,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീടുവക്കുന്നതിനു ഭൂമി വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഇപ്പോൾ എത്ര

രൂപയാണ് ഒരാൾക്ക് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇപ്പോൾ നൽകി വരുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) തുക വർദ്ധിപ്പിക്കുമെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതി ജനവിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ</u>

987. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകിവരുന്ന വിവിധ സേവനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിലുള്ള ക്ഷേമപദ്ധതികൾ ലാപ്സാകാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) പട്ടികജാതി ജനവിഭാഗങ്ങളുടെ വിവിധ ക്ഷേമപദ്ധതികൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുന്നതിന് പദ്ധതി</u>

988. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, എ.റ്റി.ജോർജ്

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വായ്പാകുടിശ്ശിക മൂലം പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകളും കുടിശ്ശികയും എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

## പട്ടികജാതി/പട്ടികവര്‍ഗ്ഗ ഉദ്യോഗാര്‍ത്ഥികള്‍ക്കായുള്ള കോച്ചിംഗ് സെന്ററുകള്‍

989. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി/പട്ടികവര്‍ഗ്ഗ ഉദ്യോഗാര്‍ത്ഥികളെ മത്സരപരീക്ഷകള്‍ക്ക് സജ്ജരാക്കുന്നതിനുള്ള കോച്ചിംഗ് കം ഗൈഡന്‍സ് സെന്ററുകള്‍ സംസ്ഥാനത്ത് നിലവില്‍ എവിടെയെല്ലാമാണ് പ്രവര്‍ത്തിക്കുന്നത്;

(ബി) എത്ര കുട്ടികള്‍ പരിശീലനം നടത്തിവരുന്നു;

(സി) അതിനായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്;

(ഡി) മറ്റ് പിന്നോക്ക സമുദായത്തില്‍പ്പെടുന്ന കുട്ടികള്‍ക്ക് ഉപയോഗപ്രദമാകുന്ന രീതിയില്‍ ഇതേ മാതൃകയില്‍ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം സെന്ററുകള്‍ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;വിശദാംശം ലഭ്യമാക്കാമോ?

## കുറുവങ്ങാട് ഐ.ടി.ഐ.യില്‍ പുതിയ കെട്ടിടം

990. ശ്രീ.കെ. ദാസന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴില്‍ പ്രവര്‍ത്തിക്കുന്ന കൊയിലാണ്ടിയിലെ കുറുവങ്ങാട് ഐ.ടി.ഐ.യില്‍ പുതിയ കെട്ടിടം നിര്‍മ്മിക്കുന്നതിന് എ.എസ്. ലഭിച്ച പദ്ധതി സംബന്ധിച്ച നടപടികള്‍ വിശദമാക്കാമോ ;

(ബി) എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് എന്നും കെട്ടിട നിര്‍മ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി കേരള കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ തലത്തില്‍ നടന്നുവരുന്ന നടപടികള്‍ സംബന്ധിച്ചും വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്‍സ്ട്രക്ഷന്‍ കോര്‍പ്പറേഷന്‍ എം.ഡി. എസ്.സി. ഡെവലപ്പ്മെന്റ് ഡിപ്പാര്‍ട്ട്മെന്റ് ഡയറക്ടര്‍ക്ക് നല്‍കിയ 29-8-2014-ലെ അപേക്ഷയിന്മേല്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കാമോ ?

## പത്തനംതിട്ട ജില്ലയില്‍ കോര്‍പ്പസ് ഫണ്ട് പദ്ധതി

991. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പട്ടിക സമുദായ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ എത്ര ശതമാനം തുകയ്ക്കാണ് ജില്ലയിൽത്തന്നെ ഭരണാനുമതി നൽകാൻ കഴിയുക എന്ന് അറിയിക്കാമോ;

(സി) എത്ര രൂപയുടെ എത്ര പദ്ധതികൾക്കാണ് ജില്ലയിൽ ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ളത്; ഇനിയും എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകുവാനുണ്ട് എന്ന് അറിയിക്കാമോ; ഇതിനുള്ള ഫണ്ട് ജില്ലാ തലത്തിൽ ലഭ്യമാണോ;

(ഡി) ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാന തല സമിതിയിലേയ്ക്ക് അയച്ചിട്ടുണ്ടോ; ഏതൊക്കെ പദ്ധതികളാണ് ഇങ്ങനെ സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്? വിശദാംശം ലഭ്യമാക്കാമൊ?

## കൊട്ടാരക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിവരങ്ങൾ

992. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കൊട്ടാരക്കര, വെട്ടിക്കവല വികസന ബ്ലോക്കുകളിലായി ആകെ എത്ര പട്ടികജാതി കോളനികൾ ഉണ്ട്;

(ബി) അവയുടെ വിശദാംശങ്ങൾ (പേര്, കോളനി വാസികളുടെ എണ്ണം, വീട്, കിണർ, കക്കൂസ്, വൈദ്യുതി എന്നിവ ഇല്ലാത്തവരുടെ എണ്ണം) വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ പ്രസ്തുത കോളനികളിൽ പട്ടികജാതി വകുപ്പ് മുഖാന്തിരം നടത്തിയ വികസന പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ?

## വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികളുടെ പ്രവർത്തന പുരോഗതി

993. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതി പെൺകുട്ടികളുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള വാത്സല്യനിധി പദ്ധതിയ്ക്കായി 2014-15 ബജറ്റിൽ എന്ത് തുക വക കൊള്ളിച്ചിട്ടുണ്ട്;

(ബി) മിഷൻ 676 ൽ ഉൾപ്പെടുത്തിയ വിദ്യാജ്യോതി പദ്ധതിക്കായി 2014-15 വർഷത്തിലെ ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പട്ടികജാതിക്കാർക്കായി ശ്മശാനങ്ങൾ ആരംഭിക്കാൻ മിഷൻ 676-ൽ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ആയതിലേക്ക് ബജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയെത്ര;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര ശ്മശാനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു; ആയതിന് എത്ര തുക ചെലവഴിച്ചുവെന്ന് പറയാമോ;

(ഇ) വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികൾക്കായി 31.01.2015 വരെ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ?

<u>മേലെപാൽച്ചുരം പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനം</u>

994. ശ്രീ.സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടിയൂർ പഞ്ചായത്തിലെ മേലെപാൽച്ചുരം പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; മേൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

<u>പട്ടികജാതിക്കാരുടെ വായ്പാ കുടിശ്ശിക</u>

995. ശ്രീ.എം.പി.വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>പട്ടികജാതിയിൽപ്പെട്ടവർ എടുത്തിട്ടുള്ള വായ്പകൾ</u>

996. ശ്രീ.എസ്.ശർമ്മ

,, സി.കൃഷ്ണൻ

,, എസ്.രാജേന്ദ്രൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) അതിനായി ബജറ്റിൽ നീക്കിവെച്ച തുക എത്രയായിരുന്നു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഇതുവരെ എത്ര പേർക്ക് ലഭിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ?

<u>മിഷൻ **676 -** പട്ടികജാതി ക്ഷേമ പദ്ധതികൾ</u>

997. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**,,** വി.പി.സജീന്ദ്രൻ

**,,** അൻവർ സാദത്ത്

**,,** ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676ൽ ഉൾപ്പെടുത്തി, പട്ടികജാതി ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ?

<u>ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം</u>

998. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ജീവനക്കാരുടെ സംഘടന ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ അന്വേഷണം

നടത്തണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സ്ത്രീ ജീവനക്കാരിയെ ജാതിപറഞ്ഞു ആക്ഷേപിച്ചുവെന്ന പരാതിയിന്മേൽ ഡി.റ്റി.പി.സി. സെക്രട്ടറി അന്വേഷണം നേരിടുന്നുണ്ടോ ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലെന്ന് വിശദമാക്കുമോ ?

<u>ടൂറിസം പദ്ധതി</u>

999. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷി സങ്കേതം തുടങ്ങിയവയുമായി ബന്ധപ്പെടുത്തി വിപുലമായ ടൂറിസം പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം നല്ല നിലവാരത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ</u>

1000. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>പ്രവർത്തന മികവിനുള്ള അവാർഡ്</u>

1001. **ശ്രീ.എം.പി.വിൻസെൻറ്**

**,,** അൻവർ സാദത്ത്

**,,** ഹൈബി ഈഡൻ

**,,** ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് , പ്രവർത്തന മികവ് കണക്കിലെടുത്ത് ഈ സർക്കാരിൻറെ കാലത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) യു.എൻ.ഒ.യുമായി ബന്ധപ്പെട്ട ഏതെങ്കിലും ഏജൻസികളുടെ അവാർഡ് വിനോദസഞ്ചാര വകുപ്പിന് ലഭിച്ചിട്ടുണ്ടോ;എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>സീ-പ്ളെയിൻ സർവ്വീസുകൾ</u>

1002. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ സീ-പ്ളെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) സീ-പ്ളെയിൻ സർവ്വീസുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സീ-പ്ളെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കെ.ടി.ഡി.സി.യുടെ പ്രവർത്തനം</u>

1003. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി. അടിസ്ഥാന സൗകര്യ വികസനത്തിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയ പദ്ധതികൾ ഏതൊക്കെയായിരുന്നു; എത്ര തുക ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷവും സർക്കാർ കെ.ടി.ഡി.സി.യ്ക്ക് എത്ര തുക വീതം നല്കി എന്ന് അറിയിക്കാമോ ;

(സി) കെ.ടി.ഡി.സി.യുടെ നിലവിലുള്ള കടബാധ്യതകൾ വിശദമാക്കാമോ;

(ഡി) കെ.ടി.ഡി.സി.യുടെ കഴിഞ്ഞ 5 വർഷത്തെ ആഡിറ്റ് ചെയ്ത ലാഭ നഷ്ട കണക്കുകൾ വിശദമാക്കാമോ;

(ഇ) കെ.ടി.ഡി.സി.യുടെ ഏതെങ്കിലും യൂണിറ്റുകളുടെ പ്രവർത്തനം

അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ടോ; നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

<u>ഡി.റ്റി.പി.സി. സെക്രട്ടറിയ്ക്കെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

1004. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി.സി. സെക്രട്ടറിയ്ക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നത് ഏതെല്ലാം സാമ്പത്തിക ക്രമക്കേടുകൾ നടത്തിയെന്ന പരാതിയിന്മേലാണെന്ന് വിശദമാക്കാമോ;

(ബി) അന്വേഷണം എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

<u>കേരളം സന്ദർശിച്ച വിദേശ സഞ്ചാരികൾ</u>

1005. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2014 കാലയളവിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏറ്റവും അധികം ടൂറിസ്റ്റുകൾ ഏത് വിദേശ രാജ്യത്തു നിന്നാണ് വന്നെത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ടൂറിസത്തിൽ നിന്നും ലഭ്യമായിട്ടുള്ള വരുമാനം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>വിനോദ സഞ്ചാര വികസന പ്രവർത്തനങ്ങൾ</u>

1006. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,,** കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

**,,** ബി.ഡി. ദേവസ്സി

**,,** കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ പലതും നടപ്പിലാക്കാതെ ഫണ്ട് പാഴാക്കിയിട്ടുണ്ടോ; കാരണം അറിയിക്കാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ എന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

## ടേക്ക് എ ബ്രേക്ക് പദ്ധതി

1007. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിന്റെ ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) വിനോദ സഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## ടേക്ക് എ ബ്രേക്ക് പദ്ധതി

1008. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിൽ വിശ്രമ കേന്ദ്രമൊരുക്കുന്ന 'ടേക്ക് എ ബ്രേക്ക്' പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## കായലോര ടൂറിസം മേഖലയുടെ അന്തർ ദേശീയ പ്രാധാന്യം

1009. ശ്രീ.സി.മോയിൻ കുട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക്

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലോര ടൂറിസം മേഖലയ്ക്ക് കൈവന്നിട്ടുള്ള അന്തർ ദേശീയ പ്രാധാന്യം പരമാവധി പ്രയോജനപ്പെടുത്താൻ പരിഗണനയിലുള്ള പദ്ധതികൾഎന്തൊക്കെ; വിശദമാക്കുമോ;

(ബി) കായലുകളുടെ വിസ്തൃതി നിലനിർത്തുന്നതിനും, കായലോരങ്ങൾ ജൈവവേലി തീർത്ത് മനോഹരമാക്കുന്ന കാര്യത്തിലും വിനോദസഞ്ചാര വകുപ്പ് ഇടപെടുന്ന കാര്യം പരിഗണിക്കുമോ;

(സി) നിലവിലെ ചെറുതും വലുതുമായ പൊതുസ്വകാര്യ കനാലുകൾ സംരക്ഷിക്കാനും വിനോദസഞ്ചാരത്തിന് ഉപയുക്തമാക്കാനും സ്വീകരിച്ച നടപടി വിശദമാക്കുമോ ?

## ടൂറിസം വകുപ്പ് മന്ത്രി നടത്തിയ വിദേശ യാത്രകൾ

1010. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ടൂറിസം വകുപ്പ് മന്ത്രി നടത്തിയ വിദേശ യാത്രകൾ എത്ര; ഏതെല്ലാം രാജ്യങ്ങളിൽ എത്ര തവണ സന്ദർശനം നടത്തിയിട്ടുണ്ട്;ഓരോ യാത്രയ്ക്കും ചെലവായ തുക എത്ര;

(ബി) ഓരോ വർഷവും നടത്തിയ വിദേശ യാത്രകളുടെയും, യാത്രയിൽ അനുഗമിച്ച ഉദ്യോഗസ്ഥന്മാരുടേയും ഇതിനായി ഖജനാവിൽ നിന്ന് ചെലവായ തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മുൻ സർക്കാരിന്റെ കാലയളവിൽ ടൂറിസം വകുപ്പ് മന്ത്രി ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഏതെല്ലാം ഫെയറുകളിൽ പങ്കെടുക്കാൻ വിദേശയാത്ര നടത്തിയിട്ടുണ്ടായിരുന്നു?

## വയനാട് ജില്ലയിലെ അഡ്വെഞ്ചർ ടൂറിസം മേഖല

1011. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ അഡ്വെഞ്ചർ ടൂറിസത്തിനു സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളെ ബന്ധപ്പെടുത്തികൊണ്ട് ഒരു അഡ്വെഞ്ചർ ടൂറിസം മേഖല വികസിപ്പിക്കുന്ന കാര്യത്തിൽ തീരുമാനം വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>

1012. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ഈ സർക്കാർ നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ/നവീകരണ പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ;

(ബി) മണ്ഡലത്തിലെ ആസ്യൻ പാറയിൽ വകുപ്പ് നടത്തി വന്നിരുന്ന പ്രവൃത്തി കൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പുതിയ ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

<u>അരൂർ നിയോജകമണ്ഡലത്തിൽ ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതി</u>

1013. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട് അരൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഈ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുക എത്രയാണ് ;ഇപ്പോൾ ഈ പ്രവൃത്തി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് ഏന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ടൂറിസം മാർക്കറ്റിംഗിനായി ചെലവഴിക്കപ്പെട്ട തുക</u>

1014. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മാർക്കറ്റിംഗിനായി ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ചെലവഴിക്കപ്പെട്ട മൊത്തം തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ടൂറിസം വകുപ്പ് എംപാനൽ ചെയ്ത ഏതെല്ലാം ഏജൻസിക്ക് ഓരോ വർഷവും എത്ര തുക വീതം നൽകുകയുണ്ടായിട്ടുണ്ട്; ഏജൻസികൾ വഴി ചെലവായ തുക ഓരോ വർഷവും എത്ര കോടി വീതമാണ്;

(സി) പരസ്യം നൽകിയ ഇനത്തിൽ ഓരോ വർഷവും എത്ര കോടി വീതം ചെലവായിട്ടുണ്ട്; പരസ്യം ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക എത്രയാണ്;

(ഡി) ടൂറിസം വകുപ്പ് മന്ത്രിയുൾപ്പെടെയുള്ളവരുടെ വിദേശയാത്രയ്ക്കും ട്രാവൽമാർട്ടുകളിൽ പങ്കെടുക്കുന്നതിനും വേണ്ടി ഓരോ വർഷവും ചെലവഴിക്കപ്പെട്ട മൊത്തം തുക എത്ര?

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

1015. ശ്രീ.കെ.മുരളീധരൻ

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ എട്ടാം സീസണിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചിരുന്നത്;

(സി) വ്യാപാര രംഗത്തിന്റെ വളർച്ചയ്ക്ക് എത്രമാത്രംഈഫെസ്റ്റിവൽ പ്രയോജനപ്പെട്ടിട്ടുണ്ട്;

(ഡി) ഏതെല്ലാം മേഖലകളിലാണ് ഈ ഫെസ്റ്റിവൽ കേരളത്തിൻറെ വിനോദസഞ്ചാര മേഖലയെ സഹായിച്ചിട്ടുള്ളത്?

## ബേക്കൽ കൾചറൽ സെന്റർ

1016. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ബേക്കൽ കൾചറൽ സെന്ററിന് തറക്കല്ലിടൽ നടത്തിയതെന്നാണ് ; വിശദമാക്കാമോ;

(ബി) തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചതിനുശേഷം ഇതുവരെയായി ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>മണിയാർ ടൂറിസം പദ്ധതി ഒന്നാംഘട്ട പണികൾ</u>

1017. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പണികൾക്കായി എത്ര രൂപയാണ് അനുവദിച്ചത്; എന്തൊക്കെ പണികളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത്;

(ബി) ഒന്നാംഘട്ട പണികൾ പൂർത്തിയായോ; ഇല്ലെങ്കിൽ ഏതു ഘട്ടം വരെയായി;

(സി) എന്നാണ് ഒന്നാംഘട്ട പണികൾക്ക് തുക അനുവദിച്ചത്; ഒന്നാംഘട്ട പണികൾ പൂർത്തിയായിട്ടില്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; പണികൾ എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് പറയാമോ;

(ഡി) രണ്ടാം ഘട്ട പണികൾ എന്ന് ആരംഭിക്കും; എന്തൊക്കെ പണികളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; എത്ര തുക ഇതിന് അനുവദിച്ചു?

<u>സ്വകാര്യ ഉല്ലാസ ബോട്ടുകൾക്ക്</u>

1018. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഉല്ലാസ ബോട്ടുകൾക്ക് ഏകീകൃത നിരക്ക് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് എന്താണ് തടസ്സമെന്നത് വ്യക്തമാക്കുമോ;

(ബി) പല സ്വകാര്യ ഉല്ലാസ ബോട്ട് സർവ്വീസുകളും യാത്രക്കാരിൽ നിന്നും കനത്ത തുക ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏകീകൃത നിരക്ക് നിലവിലില്ലായെങ്കിൽ ഇത്തരത്തിൽ ഒരു നിരക്ക് നിശ്ചയിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>പൊന്നാനി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>

1019. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി കൂടാതെ ഏതെങ്കിലും ടൂറിസം പദ്ധതികൾ സംസ്ഥാന സർക്കാരിൽനിന്നോ, കേന്ദ്രസർക്കാരിൽനിന്നോ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തേയ്ക്കായി കേന്ദ്രസർക്കാരിലേയ്ക്ക് ഏതെങ്കിലും പദ്ധതികൾ ഡി.പി.ആർ. അടക്കം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വിശദമാക്കുമോ;

(ഡി) ഏത് സ്ഥലത്താണ് അത് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ധർമ്മടം നിയോജക മണ്ഡലത്തിലെ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ</u>

1020. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ വിനോദ സഞ്ചാരവകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും പൂർത്തീകരിച്ച പ്രവർത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവർത്തികളും ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകമായി വിശദമാക്കാമോ?

<u>ചാലിയാർ പുഴയുടെ ഫറോക്ക് ഭാഗത്ത് ബയോ പാർക്ക് .</u>

1021. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക് പുതിയ പാലം മുതൽ പഴയ പാലം വരെയുള്ള ചാലിയാർ പുഴയുടെ ഫറോക്ക് ഭാഗം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ബയോ പാർക്ക് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; ഇതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

വലിയപറമ്പ് പഞ്ചായത്തിലെ ടൂറിസം പദ്ധതികൾ

1022. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയപറമ്പ് പഞ്ചായത്തിൽ ടൂറിസം പദ്ധതികൾക്കായി കഴിഞ്ഞ സർക്കാർ പദ്ധതികൾ ആരംഭിച്ചിരുന്നുവെങ്കിലും ഈ സർക്കാർ തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

കാസർഗോഡ് ബീച്ച് റോഡ് മനോഹരമാക്കൽ

1023. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബീച്ച് റോഡ് മനോഹരമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളാവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ്, കാസർഗോഡ് ബീച്ച് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം നിർമ്മിച്ച ബീച്ച് പാർക്കിലേക്കുള്ള റോഡ് ആണെന്ന പ്രാധാന്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നതിനായി റോഡിൻറെ ഇരുവശങ്ങളിലും ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

മാവേലിക്കര മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

1024. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ വെട്ടികോട് ചാൽ നവീകരണം ടൂറിസം വകുപ്പ്

ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി എം.എൽ.എ.യുടെ കത്ത് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഡി.റ്റി.ഡി.സി. സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ നൽകാമോ:

(ഡി) പ്രസ്തുത പ്രവൃത്തിക്ക് നൽകിയ അനുമതിയുടെ പർപ്പം ഫയൽ നമ്പറും ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>അമ്പലപ്പുഴ മണ്ഡലത്തിലെ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ</u>

1025. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിനോദസഞ്ചാര വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ഓരോ പ്രവൃത്തിക്കും എന്തു തുകയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(സി) ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

<u>കുറ്റ്യാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതികൾ</u>

1026. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതികൾക്ക് നാളിതു വരെ ടൂറിസം വകുപ്പ് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പ്രവർത്തികൾ കൂടുതലായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ</u>

1027. ശ്രീ.സി.പി.മുഹമ്മദ്

,, ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഒട്ടുമ്പുറം ടൂറിസം പദ്ധതി</u>

1028. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒട്ടുമ്പുറം ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) എന്നത്തേക്ക് രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്സവത്തിന് ടൂറിസം വകുപ്പിന്റെ ഗ്രാന്റ്</u>

1029. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ചെട്ടികുളങ്ങര കുംഭഭരണി മഹോത്സവത്തിന് ടൂറിസം വകുപ്പിന്റെ ഗ്രാന്റ് അനുവദിക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് എം.എൽ.എ.മാർ നൽകിയ കത്ത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം വകുപ്പ് പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഫയൽ നമ്പർ ലഭ്യമാക്കുമോ?

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സ്വൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ</u>

1030. ശ്രീ.വർക്കല കഹാർ

,, ആർ . സെൽവരാജ്

,, സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പ്രസ്തുത പദ്ധതികളനുസരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

<u>ഏഴാറ്റുമുഖം പ്രകൃതിഗ്രാമത്തെയും തുമ്പൂർമൂഴിയെയും ബന്ധിപ്പിക്കുന്ന തൂക്കുപാലത്തിന്റെ നിർമ്മാണം</u>

1031. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെയും ചാലക്കുടി അതിരപ്പിള്ളിയ്ക്കടുത്ത തുമ്പൂർമുഴിയെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 4.97 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തൂക്കുപാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കരാർ പ്രകാരം എന്നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കുന്നതിലെ കാലതാമസത്തിന് കാരണം

വിശദമാക്കാമോ;

(സി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ചെറുവത്തൂർ വീരമലകുന്നിൽ ടൂറിസം പദ്ധതി

1032. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവത്തൂർ വീരമലകുന്നിൽ ടൂറിസം പദ്ധതി ആരംഭിക്കുമെന്നും ഇതിനായി 2കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിരുന്നുവെങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി

1033. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ഭരണാനുമതി എന്ന് നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിലേക്ക് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് നൽകിയിട്ടുള്ളത് ആരെയാണെന്ന് അറിയിക്കുമോ ;

(സി) നാളിതുവരെ പ്രസ്തുത ഏജൻസി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ഡി) നിലവിലുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുവാനും കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പദ്ധതി പൂർത്തികരിക്കുവാനും സന്നദ്ധമാകുമോ ;

(ഇ) നിലവിൽ അനുമതി നൽകിയതിനുപരിയായി കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

പൂർത്തീകരിക്കാത്ത ടൂറിസം പദ്ധതികൾ

1034. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ വർക്കുകളിൽ ഇനിയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടില്ലാത്തവ എത്ര; അവയുടെ മൊത്തം ഭരണാനുമതി തുക എത്ര; അവയിൽ കേന്ദ്ര ടൂറിസം വകുപ്പിന്റെ പദ്ധതികൾ എത്ര; തുക എത്ര; വിശദമാക്കാമോ;

(ബി) ഈ സർക്കാർ കേന്ദ്രാനുമതി ലഭിച്ച ഏതെങ്കിലും ടൂറിസം പദ്ധതി, പിന്നീട് വേണ്ടെന്നു വയ്ക്കുകയും കേന്ദ്രം അനുവദിച്ച തുക തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ടോ; അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ടൂറിസം പ്രവർത്തികൾ നിർവ്വഹിച്ച ഇനത്തിൽ കൊടുത്തു തീർക്കാനുള്ള മൊത്തം തുക എത്രയാണ് ;എത്ര കോടി രൂപയുടെ ബില്ലുകൾ പണം നല്കുന്നതിനായി ബാക്കി നിൽപ്പുണ്ട് എന്ന് അറിയിക്കാമോ ?

## മണപ്പാട്ടുചിറമ്യൂസിക് ഫൌണ്ടേൻ

1035. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിലെ മണപ്പാട്ടുചിറയിൽ മ്യൂസിക് ഫൌണ്ടേൻ സ്ഥാപിക്കുന്നതിനായുള്ള പ്രൊജക്റ്റിന് തുക അനുവദിക്കുന്നതിനായുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

## സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ

1036. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

**,,** കെ.മുരളീധരൻ

**,,** തേറമ്പിൽ രാമകൃഷ്ണൻ

**,,** പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്; അതിൽ ആഭ്യന്തര വിനോദസഞ്ചാരികൾ എത്ര; വിദേശവിനോദ സഞ്ചാരികൾ എത്ര;

(ബി) ഈ വർഷങ്ങളിൽ സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം എത്ര വർദ്ധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
02-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.